# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 45

# Ishal Paithrkam

Online issue 30 print issue 45 March 2026

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2026

E-ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 45
2026 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി

**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ

**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

**Ishal Paithrkam**
**E-ISSN: 2582-550X**

Peer-Reviewed
Two issue per year
Bilingual
Issue: 45
Online issue: 30
March: 2026
all rights reserved

**Editor**
Dr. Shamshad hussain. KT

**Publisher**
The Secretary, Mahakavi Moyinkutty Vaidyarmappila Kala Academy, Department of Cultural affairs, Government of Kerala, Kondotty Post

Pin: 673638
India
Ph: +91 483 2711432

**Printed at**
Kerala state C APT
Kozhikode

www.mappilakalaacademy.org
www.ishalpaithrkam.info

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. – എഡിറ്റർ

copyright rests with the publisher. the authors are responsible for the contents and views expressed.

E-ISSN:2582-550X

# Religious Perspectives on the Conceptions of Disability

**Liju T. Varghese**

**Abstract**

The influence of religion on the human worldview is beyond definition. The value systems, belief doctrines, and ritual practices of religions have, through the process of social construction, determined the position of the human being in the world. Contemporary society's perspectives and attitudes toward disability often trace their origins to the deeper recesses of collective consciousness. An inquiry into this collective consciousness frequently leads to religious traditions and teachings.Disability is a term that has undergone numerous transformations. Often referred to solely in terms of deficiency or defined by limitations, disability is a concept that has been nurtured within the cultural framework of diverse perspectives. Humanistic studies demonstrate that interventions and understandings around disability have been shaped within such varied cultural constructs.What is the underlying reason for the formation of such perspectives in society? Disability has been marked in different periods of public consciousness through religious and cultural influences. The role of persons with disabilities within the structure of society is unique. Through religious, historical, and literary representations of disability, its moral legitimacy and sense of justice have long been questioned.

Any approach to studying social and cultural discrimination remains critically relevant. The objective of this study is to examine the discriminatory configurations present in conceptions of disability within the religions of India. Social attitudes toward persons with physical and mental differences are generally bound by tradition. In earlier times, disability was confined to narrow interpretations shaped by religious beliefs, medical discourses, and existential conditions. Today, however, disability has begun to be recognized as a socio-political and cultural construct, gaining renewed attention across the globe. Philosophical streams and lived experiences related to history, culture, religion, society, and literature deeply influence the shaping of identity. Through these influences, disability is often misunderstood or misrepresented, and its contextual analysis is neglected. The religious foundations that have led to the marginalization of persons with disabilities from the social mainstream need to be examined. Religions and religious texts have played a significant role in shaping the societal notions about disability. The religious discourses in India offer a wide range of perspectives on the concept of disability. This study aims to critically analyse the diversity and complexity raised by religious consciousness in the conception of disability, within the context of social construction, identity, and the dominant notion of normalcy.

**Keywords:** Disability, Religion, Normalcy, Identity, Culture, Body

## References

Ali, A. Y. (1992). *The meaning of the Holy Qur'an*. Amana Publications.

Achyuthan, Mavelikkara. (2024). *Sanskrit–Malayalam Dictionary*. Prashanthi Publications.

Avalos, H. (1995). Illness and health care in the ancient Near East: The role of the temple in Greece, Mesopotamia, and Israel. *Harvard Theological Review*, 88(2), 301–322.

Bible. (2011). *New International Version*. Biblica, Inc.

Bruckner, J. K. (2003). *Implied law in the Abraham narrative: A literary and theological analysis*. Sheffield Academic Press.

Charlton, J. I. (1998). *Nothing about us without us: Disability oppression and empowerment*. University of California Press.

Chok, Rinpoche. (2005, September 26). *Lam Rim teaching series* \[Oral teaching]. All Souls Church, New York. *Disability Studies Quarterly*. [https://dsq-sds.org/index.php/dsq/article/view/723/900](https://dsq-sds.org/index.php/dsq/article/view/723/900)

Covey, H. C. (1998). *Social perceptions of people with disabilities in history*. Charles C Thomas.

Davis, L. J. (2017). Constructing normalcy: The Bell Curve, the novel, and the invention of the disabled body in the nineteenth century. In L. J. Davis (Ed.), *The disability studies reader* (5th ed., pp. 3–16). Routledge.

Durkheim, É. (1964). *The rules of sociological method* (S. A. Solovay & J. H. Mueller, Trans.). Free Press. (Original work published 1895)

Durkheim, É. (1995). *The elementary forms of religious life* (K. E. Fields, Trans.). Free Press. (Original work published 1912)

Eiesland, N. L. (1994). *The disabled God: Toward a liberatory theology of disability*. Abingdon Press.

Erikson, E. H. (1968). *Identity: Youth and crisis*. W. W. Norton & Company.

Foucault, M. (1995). *Discipline and punish: The birth of the prison* (A. Sheridan, Trans.). Vintage Books. (Original work published 1975)

Guru Granth Sahib Ji. (1997). *Sri Guru Granth Sahib Ji* (G. Singh, Trans.). World Sikh Center Inc.

Marx, K. (1970). *Contribution to the critique of Hegel's philosophy of right: Introduction* (J. O'Malley, Trans.). Cambridge University Press.

Miles, M. (2008). Disability in an Islamic context: Theology, law, and history. *Disability Studies Quarterly, 28*(4). [https://dsq-sds.org/article/view/105/105](https://dsq-sds.org/article/view/105/105)

Muraleedharan, Nellikkal. (2011). *Perspectives in World Literature* \[Vishwasahithya Darshanangal]. DC Books.

Neusner, J. (2006). *The Talmud: What it is and what it says*. Rowman & Littlefield.

Oxford English Dictionary. (1989). *Identity* (2nd ed.). Oxford University Press. [https://www.oed.com/view/Entry/91011](https://www.oed.com/view/Entry/91011)

Padmanabhapilla, Sreekanteswaram G. (2013). *Shabdatharavali* \[Malayalam Dictionary]. Sahitya Pravarthaka Cooperative Society and National Book Stall.

Pandey, R. S., & Advani, L. (1995). *Perspective in disability and rehabilitation*. Vikas Publishing House.

Pabongka Rinpoche. (1990). *Liberation in our hands* (M. Richards, Trans.). Mahayana Sutra and Tantra Press.

Ranjith, V. (2024–2025). *Disability, capacity discourse and public perception* \[Bhinnasheshiyum Sheshivada Kashyapadavum Pothubodha Nirmithiyum]. *Malayalapacha: A Peer Reviewed UGC Care Listed Research Journal of Language, Literature and Culture*, 2(2), 146.

Richards, I. A. (1989). *Principles of literary criticism*. Routledge.

Rispler-Chaim, V. (2007). *Disability in Islamic law*. Springer.

Shabdatharavali. (n.d.). In *Wikipedia*. Wikimedia Foundation.

Tanveer, A. (2014). Disability in Islam: Insights into theology, law, history and practice. *ResearchGate*.

Umasvati. (1994). *Tattvartha Sutra: That which is* (N. Tatia, Trans.). Jain Publishing Company.

Yong, A. (2007). *Theology and Down syndrome: Reimagining disability in late modernity*. Baylor University Press.

Nadeer Payyoli. (2024). *Disability: Spirituality and Disability* \[Disability Aathmeeyatayum Bhinnasheshiyum]. Kerala University Publications.

Varghese, Rev. Dr. V. S. (2023). *Religions: An Introductory Study* \[Mathangal Oru Amukha Padanam]. TLC Thiruvalla.

**Liju T Varghese**
Assistant Professor
Department of Oriental Languages (Malayalam)
St.Stephen's College
Pathanapuram ,Kollam, Kerala
India-689695
Email: lijumallassery@gmail.com
Ph: +91 9400835680
ORCiD :0009-0001-7173-6168

E-ISSN:2582-550X

# ഭിന്നശേഷി സങ്കല്പനങ്ങളുടെ മതാത്മക കാഴ്ചപ്പാടുകൾ

ലിജു ടി. വർഗീസ്

**പ്രബന്ധസംഗ്രഹം**

മതം മനുഷ്യന്റെ വിചാരമണ്ഡലത്തിൽ രൂപപ്പെടുത്തിയ സ്വാധീനം നിർവചനാതീതമാണ്. മതങ്ങളുടെ മൂല്യവ്യവസ്ഥകളും വിശ്വാസപ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും സാമൂഹ്യനിർമ്മിതിയുടെ അടിസ്ഥാനത്തിൽ മനുഷ്യന്റെ സ്ഥാനം നിർണ്ണയിച്ചിട്ടുണ്ട്. ഭിന്നശേഷിയെ കുറിച്ചുള്ള വർത്തമാനകാല സമൂഹത്തിന്റെ കാഴ്ചയുടേയും കാഴ്ചപ്പാടുകളുടേയും ചില ഉറവിടങ്ങൾ ചെന്നു ചേരുന്നത് പൊതുബോധത്തിന്റെ ചില ഉള്ളറകളിലേക്കാണ്. ഈ പൊതുബോധനിർമ്മിതിയുടെ അന്വേഷണം മതങ്ങളിലേക്കും ചെന്നെത്തിചേരാറുണ്ട്. ഒട്ടനവധി രൂപമാറ്റങ്ങൾക്കു വിധേയമായ പദമാണ് ഭിന്നശേഷി. അപൂർണരായി മാത്രം പരാമർശിക്കപ്പെടുകയോ പരിമിതികളുടെ പേര് ചേർത്ത് വായിക്കപ്പെടുകയോ ചെയ്യുന്ന ഒരു വാക്കാണിത്. വ്യത്യസ്ത കാഴ്ചപ്പാടുകളുടെ സംസ്കാരത്തിൽ വളർത്തിയെടുക്കപ്പെട്ടതാണ് ഭിന്നശേഷി ഇടപെടലുകൾ എന്ന് മാനവിക പഠനങ്ങൾ തെളിയിക്കുന്നു. പൊതുസമൂഹത്തിൽ ഇത്തരം കാഴ്ചപ്പാടുകൾ രൂപപ്പെട്ടു വരാനുള്ള അടിസ്ഥാനകാരണം എന്താണ്? മത, സംസ്കാര സ്വാധീനങ്ങൾക്ക് വഴങ്ങിയുള്ള ഭിന്നശേഷി അടയാളപ്പെടുത്തലുകൾ പൊതുബോധ നിർമ്മിതിയിൽ വിവിധ കാലങ്ങളിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്. സമൂഹ നിർമ്മിതിയിൽ ഭിന്നശേഷിക്കാരുടെ സ്ഥാനം സവിശേഷമാണ്. ഭിന്നശേഷിയുടെ ചരിത്രപരവും മതപരവും സാഹിത്യപരവുമായ അടയാളപ്പെടുത്തലു

കളിലൂടെ അതിന്റെ യുക്തിഭദ്രതയും നീതിബോധവും കാലാകാലാങ്ങളായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. സാമൂഹിക സാംസ്കാരിക വിവേചനങ്ങളെ സംബന്ധിച്ച ഏതൊരു പഠന സമീപനവും കാലിക പ്രസക്തമാണ്. ഭാരതത്തിലുള്ള മതങ്ങളിലെ ഭിന്നശേഷി സങ്കല്പനങ്ങളിലുള്ള വിവേചനപരമായ വിന്യാസങ്ങൾ പഠിക്കുക എന്നതാണ് പ്രബന്ധലക്ഷ്യം. ശാരീരികവും മാനസികവുമായ പ്രത്യേകതകളോട് കൂടി സൃഷ്ടിക്കപ്പെടുകയും അപരവൽക്കരണത്തിന് സ്വയം വിധേയരാവുകയും ചെയ്യേണ്ടിവരുന്ന ഭിന്നശേഷിക്കാരോടുള്ള സമൂഹത്തിൻറെ കാഴ്ചപ്പാട് പൊതുവേ പാരമ്പര്യബദ്ധമാണ്. മതവിശ്വാസങ്ങളുടെയും വൈദ്യശാസ്ത്രത്തിന്റെയും ജീവിതാവസ്ഥയുടെയും ഇടുങ്ങിയ ആശയങ്ങളിൽ മാത്രമായിരുന്നു ഭിന്നശേഷി ഇന്നലെകളിൽ സ്ഥാനം ഉറപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നിർമ്മിതിയായി നിർവചിക്കാൻ തുടങ്ങിയതോടെ ലോകശ്രദ്ധയിൽ ഭിന്നശേഷി സങ്കല്പനങ്ങൾ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. ചരിത്രം, സംസ്ക്കാരം, മതം, സമൂഹം, സാഹിത്യം, തുടങ്ങിയവയുടെ ചിന്താധാരകളും കാലദേശ അനുഭവങ്ങളും സ്വത്വബോധത്തെ സ്വാധീനിക്കുന്നുണ്ട്. ഇത്തരം സ്വാധീനങ്ങളിലൂടെ ഭിന്നശേഷി പലപ്പോഴും തെറ്റിധരിക്കപ്പെടുന്നു. ഭിന്നശേഷിയുടെ പശ്ചാത്തലം ശരിയായി വിശകലനം ചെയ്യപ്പെടാതെ പോകുന്നു. ഭിന്നശേഷിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെടാൻ ഇടയാക്കിയ മതപരമായ കാരണങ്ങൾ പഠിക്കേണ്ടതുണ്ട്. ഭിന്നശേഷിക്കുമേൽ സമൂഹത്തിൽ ഉടലെടുത്ത പൊതുധാരണകളുടെ രൂപപ്പെടലുകളിൽ മതങ്ങൾക്കും മതഗ്രന്ഥങ്ങൾക്കുമുള്ള പങ്ക് വലുതാണ്. ഭാരതത്തിലുള്ള മതബോധനങ്ങളിലെ ഭിന്നശേഷി പരികല്പനകൾ ഒട്ടനവധി കാഴ്ചകളും കാഴ്ചപ്പാടുകളും സമ്മാനിക്കുന്നുണ്ട്. ഭിന്നശേഷി സങ്കല്പനങ്ങളിൽ മതാവബോധം ഉയർത്തിയ വ്യത്യസ്തകളും സങ്കീർണതകളും സാമൂഹ്യനിർമ്മിതിയുടെയും സ്വത്വബോധത്തിന്റെയും സാധാരണത്വത്തിന്റെയും പരിപ്രേഷ്യത്തിലൂടെയുള്ള പഠനമാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി, മതം, സാധാരണത്വം, സ്വത്വം, സംസ്കാരം, ശരീരം

**ആമുഖം**

യാഥാർത്ഥ്യമെന്നത് വിവിധങ്ങളായ ചിന്തനങ്ങൾ കൂടി കലർന്നതാണ്. ഓരോ കാലഘട്ടത്തിലെ മഹത്തായ വിപ്ലവങ്ങളും സാമൂഹിക കാഴ്ചപ്പാടുകളും മനുഷ്യ അനുഭവങ്ങളിൽ ചെലുത്തു

ന്ന സ്വാധീനങ്ങളുമാണ് ഭിന്നശേഷി പഠനത്തിന്റെ (disability studies) ഉദയത്തിനും അതിന്റെ അർത്ഥവ്യാപ്തിയ്ക്കും സൈദ്ധാന്തിക രൂപീകരണത്തിനും അടിസ്ഥാനമായ ഘടകം. സാംസ്കാരിക വളർച്ചയിൽ ഭിന്നശേഷി വിഭാഗങ്ങളുടെ പങ്ക് വിസ്മരിക്കത്തക്കതല്ല. സമൂഹത്തിൽ ലിംഗ, വംശ, വർണ്ണ, വർഗ്ഗ തലങ്ങളിൽ രൂപപ്പെട്ടുവന്ന അവഗണനയും അടിച്ചമർത്തലും മാറ്റിനിർത്തപ്പെടലുമാണ് ഇത്തരത്തിലുള്ള പഠനങ്ങൾക്ക് കരുത്തേകിയത്. ഈ പരികല്പനയ്ക്ക് വിപുലവും വിശാലവുമായ ഒരാശയമണ്ഡലം ആണുള്ളത്. ഭിന്നശേഷി അവസ്ഥകളെ പ്രധാന പ്രശ്നമായി പരിഗണിച്ച് ശാരീരികവും ബൗദ്ധികവുമായ വ്യത്യസ്തതകളെ ഒരേസമയം സംസ്കാര രൂപമായും സാമൂഹ്യനിർമ്മിതിയായും തിരിച്ചറിയുകയും അത് വിശദീകരിക്കുകയുമാണ് പൊതുവെയുള്ള ഭിന്നശേഷി പഠനങ്ങൾ എല്ലാം ചെയ്തു വരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഭിന്നശേഷി പഠനങ്ങൾ ഒരു അന്തർവൈജ്ഞാനിക അക്കാദമിക് മേഖലയായി പൊതു ജ്ഞാനമണ്ഡലത്തിൽ ഉയർന്നുവന്നത്. ഇന്നലെകളിൽ മതവിശ്വാസത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും ജീവിതാവസ്ഥയുടെയും ഇടുങ്ങിയ ആശയങ്ങളിൽ മാത്രമായിരുന്നു ഭിന്നശേഷി സ്ഥാനം ഉറപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നിർമ്മിതിയായി നിർവചിക്കാൻ തുടങ്ങിയതോടെ ലോകശ്രദ്ധയിൽ ഭിന്നശേഷി സങ്കല്പനങ്ങൾ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. മനുഷ്യവിഭവശേഷിയും മനുഷ്യാവകാശങ്ങളും ചർച്ച ചെയ്യപ്പെട്ടു. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഭിന്നശേഷിക്ക് നവനിർവചനങ്ങൾ രൂപപ്പെടുകയും പുനർവിചിന്തനത്തിന് വിത്തുപാകുകയും ചെയ്തു. ലോക ജനസംഖ്യയുടെ 15 ശതമാനത്തോളം ജനവിഭാഗങ്ങൾ സാമൂഹ്യ വേർതിരിവുകൾ, വെല്ലുവിളികൾ ശാരീരിക പരിമിതികൾ നേരിടുന്ന ഭിന്നശേഷി വിഭാഗങ്ങളായി അടയാളപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി അവകാശങ്ങൾ സംരക്ഷിക്കപ്പെടുവാനും സാമൂഹ്യനീതി ഉറപ്പാക്കുവാനും ഇത്തരത്തിലുള്ള പഠനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

**സൈദ്ധാന്തിക വിശകലനം**

ശാരീരികമായും മാനസികമായും മനുഷ്യനുണ്ടായിരിക്കേണ്ട ശേഷിയെക്കുറിച്ച് സമൂഹം ഒരു പരിധി നിർണയിച്ചിട്ടുണ്ട്. ഈ പരിധിയിൽ കുറഞ്ഞോ കൂടിയോ നിൽക്കുന്നവരെയാണ് സമൂഹം പൊതുവേ ഭിന്നശേഷിക്കാർ എന്നു അടയാളപ്പെടുത്തുന്നത്. നിർണയിക്കപ്പെട്ട പരിധിയിൽ തുടരുന്നവരെല്ലാം സാധാരണ (normal) മനുഷ്യരും അല്ലാത്തവരെ എല്ലാം അസാധാരണ (abnormal) മനു

ഷ്യരും എന്ന രീതിയിലാണ് സമൂഹം നിർവഹിച്ചിട്ടുള്ളത്. .'ഏതെങ്കിലും വിധത്തിലുള്ള ജനിതക തകരാറുകൾ മൂലമോ അസുഖങ്ങളാലോ അപകടങ്ങളാലോ താൽക്കാലികമായോ സ്ഥിരമായോ മനുഷ്യശേഷിക്ക് സംഭവിക്കുന്ന അഭാവമോ പരിമിതിയോ ആണ് ഭിന്നശേഷി എന്ന് വൈദ്യശാസ്ത്രം (Medical Science) നിർവചിക്കുന്നു' (Pandey and Advani, 1995) ഭിന്നശേഷിയെ വൈകല്യം എന്ന തലത്തിലാണ് ശബ്ദതാരാവലി നിർവചിച്ചിട്ടുള്ളത്. വികലത, കുറവ്, അംഗഹീനത (അംഗ വൈകല്യം) അപ്രാപ്തി അഭാവം എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. (പത്മനാഭപിള്ള, 2013) വികലാംഗർ എന്ന പദത്തിന് (ജനനാൽ തന്നെ) അംഗഹീനതയുള്ള എന്നാണ് ശബ്ദതാരാവലി നല്കുന്ന അർഥം. 'ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, ഇന്ദ്രിയസംബന്ധിയോ, വൈകാരികമോ, പോഷണസംബന്ധിയോ, വികസനപരമോ ആയ ഹാനികൾ അവയുടെ കൂടിച്ചേരലുകൾ എന്നിവകാരണം വ്യക്തികൾക്കോ, സമൂഹങ്ങൾക്കോ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളുടെ പരിണിതഫലമാണ് ഭിന്ന ശേഷി. സാമൂഹിക സാംസ്കാരിക നിർമ്മിതിയായ പൂർണ ശരീരവുമായി താദാത്മ്യം ചെയ്ത് അപൂർണ്ണ ശരീരമെന്ന് അപരത്തെ നിർമ്മിക്കുകയും ഈ അപരത്തിന് വിലകുറഞ്ഞ പദവി കൽപ്പിച്ചു നൽകുകയും ചെയ്യുകയാണ് ശേഷിവാദം ചെയ്യുന്നത്. ആയതിനാൽ തന്നെ ശേഷിവാദത്തിന്റെ ഉത്പന്നമാണ് ഭിന്നശേഷി. (രഞ്ജിത്ത്, 2024) സാമൂഹ്യനിർമ്മിതിയുടെയും(social construction) സ്വത്വത്തിന്റെയും (Identity) സാധാരണത്വത്തിന്റെയും (Normalcy) പരികല്പനകളിലൂടെ മതബോധത്തിൽ ഉടലെടുത്ത ഭിന്നശേഷിയുടെ വ്യത്യസ്ത തലങ്ങൾ ആഴത്തിൽ പഠിക്കാൻ കഴിയും.

ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സാമൂഹിക ഇടപെടലിലൂടെയും അനുഭവങ്ങളിലൂടെയുമാണ് രൂപപ്പെടുന്നത്. ഈ അറിവ് ചലനാത്മകമാണ്, നിരന്തരം മാറ്റങ്ങൾക്ക് വിധേയമാണ്. സംസ്കാരപഠനത്തിൻറെ മൂശയിൽ വാർത്തെടുത്ത സങ്കല്പനമാണ് സാമൂഹ്യ നിർമ്മിതി (social construction). ബഹുത്വത്തെ അംഗീകരിച്ചുകൊണ്ട് ചലനാത്മകതയെ സ്വീകരിക്കുക എന്നതാണ് ഏതൊരു സാമൂഹ്യ നിർമ്മിതിയുടെയും അടിസ്ഥാനം. സാമൂഹികശാസ്ത്രത്തിൽ രൂപപ്പെടുത്തിയ സാമൂഹ്യനിർമ്മിതിവാദത്തിന്റെ കേന്ദ്രാശയം നമ്മൾ 'യഥാർത്ഥം' എന്ന് കരുതുന്ന വസ്തുതകളോ ധാരണകളോ സാമൂഹ്യപ്രക്രിയകളിലൂടെ സൃഷ്ടിക്കപ്പെട്ടവയാണ് അഥവാ രൂപപ്പെട്ടവയാണ്. സാമൂഹ്യശാസ്ത്രം (Sociology), തത്ത്വശാസ്ത്രം (Philosophy) നരവംശശാസ്ത്രം (Anthropology), മന?ശാസ്

ത്രം (Psychology) ഇവയാണ് ആദ്യകാല പഠന മേഖലകൾ. സാമൂഹിക നിർമ്മിതിവാദം (social constructionism) മനുഷ്യൻറെ ബൗദ്ധിക ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന ഒരു ദർശനമായിത്തന്നെ കണക്കാക്കുന്നു.

ഒരു സമൂഹത്തിന്റെ വിശ്വാസങ്ങൾ മൂല്യങ്ങൾ ആചാരങ്ങൾ കലകൾ എന്നിവയിലൂടെ സാമൂഹ്യ നിർമ്മിതി(social construction) അറിവിനെ സൃഷ്ടിക്കുകയും പുനരാവിഷ്ക്കരിക്കുകയും ചെയ്യുന്നു. സംസ്കാരം എന്നത് ഒരു സാമൂഹ്യനിർമ്മിതിയാണ്. അതായത്, സംസ്കാരം സ്വാഭാവികമായോ വസ്തുനിഷ്ഠമായ ഉള്ളതല്ല മറിച്ച് ഒരു സമൂഹം ഒരുമിച്ചുണ്ടാക്കുന്ന ധാരണകളാണ്. ഈ സിദ്ധാന്തത്തിന് മൂന്ന് പ്രധാന തത്വങ്ങളുണ്ട്:

1. യാഥാർത്ഥ്യം വസ്തുനിഷ്ഠമല്ല ഭാഷ, സംസ്കാരം, ചരിത്രം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.
2. അധികാരബന്ധങ്ങൾ ഈ നിർമ്മിതികളെ രൂപപ്പെടുത്തുന്നു
3. ഈ സങ്കൽപ്പനം ചലനാത്മകമാണ്, പരിണാമ വിധേയമാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പാശ്ചാത്യ തത്വചിന്തനായ ഇമ്മാനുവൽ കാന്റ് (1724 1804), സാമൂഹ്യശാസ്ത്രജ്ഞനായ എമിൽ ഡർഖൈം (1858 1917) എന്നിവരുടെ ചിന്താധാരയിൽ നിന്നാണ് സാമൂഹ്യനിർമ്മിതി സിദ്ധാന്തത്തിന്റെ അടിസ്ഥാന രൂപം ഉദയം കൊള്ളുന്നത്. സമൂഹത്തിൽ നിന്നാണ് മനുഷ്യാനുഭവങ്ങൾ രൂപപ്പെടുന്നത് എന്നു കാന്തും സാമൂഹ്യവസ്ഥകൾ വ്യക്തികളെ നിയന്ത്രിക്കുന്നു എന്നു ഡർഖൈമും നിർവചിക്കുന്നു. മനുഷ്യ സ്വാതന്ത്ര്യവും സ്വഭാവവും അതിൽ സമൂഹത്തിൻറെ സ്വാധീനവും ഇമ്മാനുവൽ കാന്തിന്റെ വീക്ഷണങ്ങളിൽ പ്രധാനമാണ്.സാമൂഹ്യ നൈതികത, സ്വാതന്ത്ര്യം, സാമൂഹ്യക്രമം, സാമൂഹ്യബന്ധം തുടങ്ങിയവയിലൂന്നിയ മനുഷ്യാവകാശ ദർശനങ്ങളെ തത്വചിന്താരീതിയിൽ അവതരിപ്പിക്കുവാൻ ഇമ്മാനുവൽ കാന്തിനു സാധിച്ചു. 'സാമൂഹ്യ സത്യങ്ങളെ വസ്തുതകളായി കാണുക' എന്നതാണ് ഏതൊരു രീതിയുടെയും അടിസ്ഥാനപരമായ നിയമം (Durkheim, 1964) എന്ന് എമിൽ ഡർഖൈം തന്റെ ദ റൂൾസ് ഓഫ് സോഷ്യോളജിക്കൽ മെത്തേഡ് എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നു. "The first and most fundamental rule of method is: consider social facts as things."

സ്വയം ആയിരിക്കുന്ന അവസ്ഥയാണ് സ്വത്വം (identity). ഒരു വ്യക്തിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്ന സത്താപരമായ അംശങ്ങളുടെ സമ്പൂർണ്ണതയാണ് ഇത്. സങ്കീർണ്ണമായ വി

ശകലന സാധ്യതയുള്ള ഒരു സങ്കല്പനമാണ് സ്വത്വം. 'സ്വ' എന്ന സംസ്കൃത ധാതുവിൽ നിന്നാണ് സ്വത്വ പദത്തിന്റെ നിഷ്പത്തി. സ്വ എന്നാൽ തന്റെ സ്വന്തം, തന്റെ മാത്രമായ, സഹജമായ, സ്വാഭാവികമായ. സ്വന്തം ജാതിയിൽപ്പെട്ട.. എന്നൊക്കെയാണ് അർഥം. (അച്യുതൻ, 2014) എന്നൊക്കെയാണ് അർഥം. ഐഡന്റിറ്റി (identity) എന്ന ഇംഗ്ലീഷ് പദത്തിൻറെ തർജ്ജമയാണ് സ്വത്വം. ഒരു വ്യക്തി ആരായിരിക്കുന്നുവോ അഥവാ എന്തായിരിക്കുന്നുവോ അതാണ് സ്വത്വം (identity) എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷണറി (www.oed.com, 2025) അർത്ഥം കൽപ്പിക്കുന്നത്.

ഐഡന്റിറ്റാറ്റ്, ഐഡന്റിറ്റാസ് എന്നീ ലാറ്റിൻ പദങ്ങളിൽ നിന്നാണ് ഐഡന്റിറ്റി എന്ന പദം ഉണ്ടായത്. (Oxford English Dictionary, 1989). മലയാള ശബ്ദതാരാവലിയിൽ സ്വത്വത്തിന് തനതു സത്ത, മമത, തന്റേതെന്ന ഭാവം, ഉടമസ്ഥാവകാശം, വ്യക്തിത്വം തുടങ്ങിയ അർത്ഥങ്ങൾ കൊടുത്തിട്ടുണ്ട്. ഡേവിഡ് ഹ്യൂം, ഇമ്മാനുവൽ കാന്റ്, തോമസ് റീഡ്, സിഡ്നി ഷുമാക്കർ തുടങ്ങിയ ചിന്തകർ സ്വത്വത്തെ തത്ത്വചിന്തയിൽ അധിഷ്ഠിതമായി വിലയിരുത്തുന്നു. ആധുനികകാലത്ത് അസ്തിത്വവാദവുമായി (Existentialism) ബന്ധപ്പെടുത്തിയാണ് സ്വത്വചർച്ചകൾ തുടങ്ങി വെച്ചത്. അസ്തിത്വവാദത്തിന്റെ അടിത്തറയിലാണ് മനുഷ്യൻ അവന്റെ സ്വത്വത്തെ നിർണയിക്കുന്നു എന്ന ആശയം ഴാങ് പോൾ സാത്ര് അവതരിപ്പിച്ചത്. മുരളീധരൻ, 2011)

സ്വത്വം എന്താണ്, ഞാൻ ആരാണ് തുടങ്ങിയ ചോദ്യത്തിന്റെ ഉത്തരം സമൂഹവുമായി ബന്ധപ്പെട്ടതാണ്. ഒരു വ്യക്തിക്ക് പകരം മറ്റൊരാളെ കണ്ടെത്താൻ കഴിയാത്ത വിധത്തിൽ വ്യത്യസ്തത ഉള്ളതാണ് ഓരോരുത്തരുടെയും സ്വത്വം. ശരീരവും മനസ്സും പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും നേർക്ക് പ്രകടിപ്പിക്കുന്ന പ്രതികരണമായിട്ടും സ്വത്വം അടയാളപ്പെടുത്തുന്നുണ്ട്. സങ്കീർണ്ണവും ബഹുമുഖവുമായ ആശയമായ സ്വത്വം (Identity) എന്നത് ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ സവിശേഷമായ അസ്തിത്വത്തിന്റെ ബോധവും അതിന്റെ പ്രകടനങ്ങളുമാണ്. സ്വത്വം ഒരു ചലനാത്മക പ്രക്രിയയാണ് വ്യക്തികളും സമൂഹങ്ങളും തങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് അന്വേഷിക്കുകയും നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഇത് ജീവിതത്തിന്റെ അടിസ്ഥാന സ്ഥാപനങ്ങളിലൊന്നാണ്. ദേശം, ജാതി, മതം, ലിംഗം, ഭാഷ, ശരീരം തുടങ്ങിയവയെ മുൻനിർത്തിയാണ് സ്വത്വം എന്ന സങ്കൽപ്പനത്തിന്റെ ഇടപെടലുകൾ കാണാൻ കഴിയുക. വ്യാവഹാരിക മണ്ഡലത്തിലാണ്

സ്വത്വം ഏറെ ചർച്ച ചെയ്യപ്പെടുന്നത്. അമേരിക്കൻ മന:ശാസ്ത്ര ജ്ഞനായ എറിക് ഹോംബർഗർ എറിക്സെന്റ വ്യക്തിത്വവികാസ ത്തെക്കുറിച്ചുള്ള (psychosocial development) തിയറിയും സ്വത്വ പ്ര തിസന്ധി (identity crisis) എന്ന ആശയവും ഇവിടെ പ്രസക്തമാണ് . എറിക് എറിക്സെന്റെ (Erik Erikson) സിദ്ധാന്തം അനുസരിച്ച് (Psychosocial Development Theory) ജീവിതത്തിൽ ഓരോ ഘട്ടത്തിലും സ്വത്വം/വ്യക്തിത്വം (identity) വികസിക്കുന്നുവെന്നുള്ളതാണ് എറി ക്സൻ പറഞ്ഞത്. ഒരുവന്റെ സ്വത്വം (identity) ഒരു സ്ഥിരമായ ഘ ടന അല്ല, മറിച്ച് ജീവിതത്തിലുടനീളം മാറുകയും വളരുകയും ചെ യ്യുന്ന ഒരു സാമൂഹികമനോവിജ്ഞാനപര പ്രക്രിയ ആണെന്നാണ്. 'സ്വത്വം ഒരു നിലനില്പല്ല, ഒരു തുടർച്ചയാണ്' (Erikson, 1968) സ്വ ത്വ പദത്തോട് അർത്ഥ സാമ്യമുള്ളവയും ഏകദേശം അർഥത്തിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന സംജ്ഞകളാണ് ആത്മവത്തയും (self), വ്യക്തിത്വവും (personality), വൈയക്തികതയും (individuality). ഒരു വ്യക്തിയുടെ മനോനിലയുടെ സമഗ്രതയാണ് ആത്മവ ത്ത. (Richards 1989).

നോർമൽസി എന്നാൽ സാധാരണത്വം എന്നാണ് അർത്ഥം (Normalcy). Ordinariness/ mundaneness/ banality മതം, ആത്മീയത, സാഹിത്യം, ഫിലോസഫി, ആധുനിക സാംസ്കാരികചിന്ത തുട ങ്ങിയ പ്രത്യേക മേഖലകളിൽ ഈ പദങ്ങൾ ഉപയോഗിക്കപ്പെടു ന്നു. ഒരു സമൂഹത്തിൽ അംഗീകരിക്കപ്പെട്ട സാമൂഹിക മാനദണ്ഡ ങ്ങളോടും സ്ഥിതിവിവരശാസ്ത്രപരമായ (Statistical) ശരാശരിക ളോടും യോജിക്കുന്ന അവസ്ഥയെയാണ് സാധാരണത്വം (Normalcy)എന്നത് കൊണ്ട് അർഥമാക്കുന്നത്. ഇത് പെരുമാറ്റത്തിൽ, ശരീരഘടനയിൽ, ജീവിതത്തിൽ തുടങ്ങി സാധാരണമായതെന്തും പ്രതിനിധീകരിക്കുന്ന മാതൃകയാണ് സാധാരണത്വം (Normalcy). വ്യക്തികളെ സംബന്ധിച്ചിടത്തോളം, സമൂഹം നിർണയിച്ച ശരീര പരമായ മാനദണ്ഡങ്ങളാണ് സാധാരണത്വത്തിനുള്ള അളവുകൾ എന്ന നിലയിൽ ഉപയോഗിക്കപ്പെടുന്നത്. ഈ മാനദണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തമായ ശരീരങ്ങളും ശേഷികളുമെല്ലാം 'അസാധാര ണം', 'പരിമിതം', 'വൈകല്യം' എന്നിങ്ങനെയുള്ള പദപ്രയോഗ ങ്ങൾ വഴി പുനർനിർവചിക്കപ്പെടുകയും ഭിന്നശേഷി അവസ്ഥക ളെ ചൂഷണവിധേയമാക്കുകയും ചെയ്യുന്നു.'

ഭിന്നശേഷി പഠനശാഖയുടെ (Disability Studies) ആധുനി ക രൂപീകരണത്തിൽ നിർണായക സംഭാവന നൽകിയ അമേരി ക്കൻ അക്കാദമിക് രംഗത്തെ പ്രശസ്ത ചിന്തകനാനാണ് ലെന്നാർ

ഡ് ജെ. ഡേവിസ്. ഭിന്നശേഷിയുള്ളവരോടുള്ള സാമൂഹിക സമീപ നങ്ങൾ, ശരീര രാഷ്ട്രീയം, സാധാരണതയുടെ സംസ്കാരപരമായ നിർമ്മിതികൾ എന്നിവയെ ജ്ഞാനതലത്തിൽ വികസിപ്പിച്ച പ്രതി ഭയാണ് ഡേവിസ്. സാമൂഹ്യശാസ്ത്രത്തെയും സാംസ്കാരിക പഠ നങ്ങളെയും ഭിന്നശേഷിതലത്തിലൂടെ വ്യാഖ്യാനിക്കാൻ ഇദ്ദേഹ ത്തിനു കഴിഞ്ഞു. സാധാരണത്വം (normalcy) എന്ന സങ്കല്പനത്തെ ഭിന്നശേഷയുമായി ബന്ധപ്പെടുത്തിയാണ് ഡേവിസ് The Disability Studies Reader എന്ന സമാഹാരത്തിൽ ചർച്ച ചെയ്യുന്നത്. സാധാര ണതയും (Normalcy) കഴിവും (ability) അധികാരത്തിന്റെയും നിരീ ക്ഷണത്തിന്റെയും ഉപാധികളാണെന്ന് അദ്ദേഹം പറയുന്നു. 'സാ ധാരണത്വം എന്നത് സ്വാഭാവികമോ ശാശ്വതമോ ആയ അവസ്ഥ യല്ല, മറിച്ച് നൂറ്റാണ്ടുകൾക്കിടയിൽ വികസിച്ച സ്ഥിതിവിവരശാസ് ത്രം, വ്യവസായവൽക്കരണം, സാമൂഹിക സ്ഥാപനങ്ങൾ തുടങ്ങി യവയുമായി ചേർന്നുണ്ടായ ചരിത്രപരമായ നിർമ്മിതിയാണ്'. (Davis 2017) എന്ന് ലെന്നാർഡ് ജെ. ഡേവിസ് വ്യക്തമാക്കുന്നു

ലോകമെമ്പാടുമുള്ള പഠനങ്ങളിൽ വംശം, വർഗം, ലിംഗഭേ ദം, ലൈംഗിക ആഭിമുഖ്യം എന്നിവയെക്കുറിച്ചുള്ള പുരോഗമനപര മായ ചർച്ചകളിൽ പോലും ഭിന്നശേഷി അരികുവൽക്കരിക്കപ്പെടുക യോ അവഗണിക്കപ്പെടുകയോ തെറ്റിദ്ധരിക്കപ്പെടുകയോ ചെയ്തി ട്ടുണ്ടെന്ന് ലെന്നാർഡ് ഡേവിസ് പറയുന്നു. ഭിന്നശേഷി പഠനങ്ങളു ടെ ഒരു 'രണ്ടാം തരംഗ'മായാണ് ഈ കാലഘട്ടത്തെ ഡേവിസ് കാ ണുന്നത്. ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മകനായിട്ടാണ് ലെന്നാർഡ് ജെ. ഡേവിസ് ജനിച്ചത്. അതിനാൽ തന്നെ ഭിന്നശേ ഷിഅവസ്ഥയുമായി താദാത്മ്യം പ്രാപിക്കുവാനും ആഴമുള്ള ആ ത്മബന്ധം പുലർത്തുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. .

'സാധാരണ' ആളുകൾ ഭിന്നശേഷിയെ മനസ്സിലാക്കുന്നതു പോലെ അല്ല, ഭിന്നശേഷിയുള്ള വ്യക്തികൾ സ്വയം അവരേയും ലോകത്തെയും മനസ്സിലാക്കുന്നത് എന്ന ആശയമാണ് ഡേവിസ് മുന്നോട്ട് വച്ചത്. ഭിന്നശേഷിയുടെ സങ്കീർണ്ണതയെ നേരിടാൻ കർ ശനമായ സൈദ്ധാന്തിക ചട്ടക്കൂടുകൾ, രീതിശാസ്ത്രങ്ങൾ, വ്യക്തി പരമായ അനുഭവം എന്നിവ ഭിന്നശേഷി പഠനങ്ങൾക്ക് ആവശ്യമാ ണ്. ഭിന്നശേഷി പഠനം ഇപ്പോഴത്തെ കാലഘട്ടത്തിൽ ചലനാത്മക വുമായും വികസനപരവുമായും ഒരു മേഖലയായി രൂപപ്പെടുകയാ ണെന്നും ഡേവിസ് പറയുന്നു. ശരീരത്തെയും സ്വത്വത്തെയും കുറി ച്ചുള്ള നിലവിലുള്ള മാനദണ്ഡങ്ങളെയും സാധാരണത്വത്തിന്റെ ആശയങ്ങളെയും ചോദ്യം ചെയ്യുക, വൈകല്യത്തെ വിശാലമായ

സാംസ്കാരിക പഠനങ്ങളുടെ ചട്ടക്കൂടിൽ സംയോജിപ്പിക്കുക, മനുഷ്യവ്യത്യാസം മനസ്സിലാക്കാനുള്ള, ഭിന്നശേഷിയെ ഉൾക്കൊള്ളാനുള്ള യുക്തിപരവും നവീനവുമായ വഴികൾ തേടുക എന്നിവയാണ് സാധാരണത്വം കൊണ്ട് ലക്ഷ്യമിടുന്നത്.

**ഭിന്നശേഷി, മതം, കാഴ്ചപ്പാടുകൾ**

മതം എന്നാൽ അഭിപ്രായം എന്നാണ് അർഥം. ഒരു സമൂഹത്തിൽ നിയതമാക്കപ്പെട്ട പാരമ്പര്യങ്ങളും അവയുടെ പിൻപറ്റലും ആണ് മതം ആണ് പൊതുവേയുള്ള വിവക്ഷ. മനുഷ്യസമൂഹങ്ങൾ സാംസ്കാരിക സാഹചര്യത്തിൽ നിർമിച്ച ഒന്നാണ് മതം. മനുഷ്യന്റെ വിചാരമണ്ഡലവുമായി ബന്ധപ്പെട്ട് സ്വാധീനം ചെലുത്താൻ ഈ നിർമ്മിതിക്ക് സാധിച്ചിട്ടുണ്ട്. മതം ഉൾപ്പെടെ നിരവധി ധാരണകളും സ്ഥാപനങ്ങളും സാമൂഹ്യനിർമ്മിതി സിദ്ധാന്തത്തിന്റെ അടിത്തറയിൽ കെട്ടപ്പെട്ടതാണ്. വിശ്വാസത്തിന്റെയും സാമൂഹിക സാംസ്കാരിക ഇടപെടലുകളുടെയും ബൃഹതാഖ്യാനങ്ങളും വ്യവഹാരങ്ങളുമാണ് മതജീവിതത്തെ അടയാളപ്പെടുത്തുന്നത്. സംസ്കാര ഉത്പന്നമായ മതം ഏതു സമൂഹവുമായാണോ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത് ആ സമൂഹത്തിന്റെ ചരിത്രം, ഭാഷ, സാമൂഹിക ഘടന മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് രൂപപ്പെടുന്നത്. ഉദാഹരണമായി ഭാരതത്തിലെ മതങ്ങളായ ഹിന്ദുമതം, ബുദ്ധമതം, ജൈനമതം തുടങ്ങിയവ ഇവിടുത്തെ പൌരാണിക സാംസ്കാരിക പശ്ചാത്തലത്തിൽ വളർന്നു വന്നവയാണ്. സാമൂഹിക, സാംസ്കാരിക നവോത്ഥാനങ്ങൾക്ക് അനുസരിച്ച് കാലാനുസൃതമായി മതാചാരങ്ങൾ, വിശ്വാസപ്രമാണങ്ങൾ, പ്രാർത്ഥനാശൈലികൾ എന്നിവ മാറുന്നത് കാണാം. മത താല്പര്യങ്ങളിൽ നവോത്ഥാനപ്രസ്ഥാനങ്ങളുടെ ഇടപെടലുകളും സാമൂഹ്യ പരിഷ്കാരങ്ങളും പൊതുമണ്ഡലത്തിൽ വരുത്തിയ മാറ്റങ്ങൾ സംസ്കാരത്തിന്റെ ഭാഗമായിട്ടുണ്ട്.

ആത്യന്തിക സത്യത്തെ ക്കുറിച്ചുള്ള അന്വേഷണമാണ് മതം; ആത്യന്തികമായതിനെക്കുറിച്ചുള്ള മനുഷ്യന്റെ അനുഭവങ്ങളുടെ ആഖ്യാനങ്ങളാണ്; വിശുദ്ധമായതിന്റെ അനുഭവവേദ്യമാക്കലുമാണ്. ദൈവ സങ്കൽപ്പത്തെ കുറിച്ച് എമിലി ഇപ്രകാരം പറയുന്നു.'ദൈവം എന്നത്, യാഥാർത്ഥത്തിൽ നമ്മുടെ മതപരമായ വിശ്വാസങ്ങൾക്കിടയിൽ നിലനിൽക്കുന്ന സമൂഹത്തിന്റെ പ്രതിനിധിയാണ്. മതം ഒരു സാമൂഹിക സ്ഥാപനം ആണെന്നും അതിന്റെ പ്രധാന പങ്ക് സമൂഹത്തിലെ മൗലിക ബന്ധങ്ങളെ ദൃഢമാക്കാനാണ് ഉപയോഗിക്കുന്നതെന്നും പറയുന്നു മതം ഉൾപ്പെടെ എല്ലാ സാമൂഹിക സ്ഥാ

പനങ്ങളും 'സാമൂഹിക നിർമ്മിതികൾ' (Durkheim, 1995) ആണെന്നും അദ്ദേഹം പറയുന്നു.

ആത്മീയത എന്നത് അതി വിശാലമായ ഒരു സങ്കൽപ്പമാണ് എന്നും ഈ കൂരയ്ക്ക് കീഴെ തന്നെയാണ് മതം ദൃശ്യമാകുന്നതെന്നും മതാത്മകത എന്നത് ആത്മീയമായ വീക്ഷണത്തിന്റെ ആവിഷ്ക്കാരമാണെന്നും നദീർ പയ്യോളി ഡിസബിലിറ്റിയും ആത്മീയതയും എന്ന ലേഖനത്തിൽ പറയുന്നു. ആത്മീയത എന്ന ഒന്ന് മനുഷ്യന്റെ ആരോഗ്യസ്ഥിതിയിൽ സ്വാധീനം ചെലുത്തുന്നതിൻറെ മൂന്ന് ഘട്ടങ്ങൾ വിശദീകരിക്കുന്നു. ഒന്നാമതായി അത് വ്യക്തിയെ കൂടുതൽ നല്ല ആരോഗ്യശീലങ്ങളിലേക്ക് തിരിയാൻ പ്രോത്സാഹനം നൽകുന്നു എന്നതാണ്. രണ്ടാമതായി സാമൂഹികപിന്തുണയുടേതായ ഘടകമാണ്. മൂന്നാമത്തേത് പാരസ്പര്യമനോഭാവമാണ്. ഇത് സമൂഹത്തിൽ/പ്രപഞ്ചത്തിൽ തങ്ങളുടെ സ്ഥാനവും പങ്കും തിരിച്ചറിയാനും നിർവ്വഹിക്കാനും പ്രേരിപ്പിക്കുന്നു. ഡിസെബിലിറ്റി എന്ന അവസ്ഥ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ പ്രസാദാത്മകമായി സമീപിക്കുന്നതിനെ ഈ മനോഭാവം സഹായിക്കുന്നു. ഇപ്രകാരം ആത്മീയത, ഡിസെബിലിറ്റി എന്ന അവസ്ഥയെ ഗുണാത്മകമായി സമീപിക്കുന്നതിനും തദ്വാരാ ആരോഗ്യസങ്കല്പത്തിൽത്തന്നെ മാറ്റം വരുത്താൻ സഹായകമാവുകയും ചെയ്യുന്നു. (നദീർ, 2024) മനുഷ്യജീവിതസാഹചര്യങ്ങളിൽ സാമൂഹ്യനിർമ്മിതിയിലൂടെ സംസ്കാരത്തിന്റെ ചുവടുപിടിച്ച് വളർന്നുവന്ന മതബോധങ്ങൾ ഭിന്നശേഷിയുടെ സവിശേഷമായ ജീവിതാവസ്ഥകളെ മതഗ്രന്ഥങ്ങളിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. സമൂഹനിർമ്മിതിയായ ആരാധനാലയങ്ങളിലൂടെ ദൈവസങ്കല്പവുമായി സമരസപ്പെടുവാൻ മനുഷ്യന് അവസരം ലഭിക്കുന്നു. ഭാരതത്തിലെ വിവിധ മതങ്ങളും അവയുടെ സംസ്കാരവും പകരുന്ന ഭിന്നശേഷി കാഴ്ചപ്പാടുകളിലൂടെ ഭിന്നശേഷിയുടെ സാംസ്കാരിക സ്വത്വത്തെ (Cultural Identity) തിരിച്ചറിയാൻ സഹായിക്കും.

ശാസ്ത്രസാങ്കേതിക പുരോഗതിയും, പ്രബുദ്ധതയും, നവീകരണവും, കൊളോണിയലിസവും ആധുനികതയുടെ ജ്ഞാനരൂപവുമെല്ലാം മതപഠനത്തിന് പുതിയ വഴിത്തിരിവുകൾ സൃഷ്ടിച്ചു. ഒറ്റവഴിയിലൂടെയുള്ള ആത്മനിഷ്ഠയായ അനുഭവം എന്ന രീതിയിൽ മാത്രമല്ലാതെ, സംസ്കാരപരവും സാമൂഹികരാഷ്ട്രീയപരവുമായ തലങ്ങളിലേക്കും മതം അതിന്റെ വ്യാപ്തി വികസിപ്പിച്ചു. പാശ്ചാത്യ നവീകരണവുമായി ചേർന്ന് അച്ചടിച്ച പുസ്തകങ്ങൾ, വിശുദ്ധഗ്രന്ഥങ്ങൾ, പാഠങ്ങൾ എന്നിവ സാധാരണ ജനങ്ങളിലേക്കെത്തുക

യും അതോടെ മതത്തിന്റെ വ്യാഖ്യാനം, പഠനം, ഗവേഷണം തുടങ്ങിയ തലങ്ങൾ ജനാധിപത്യവത്കരിക്കപ്പെടുകയും ചെയ്തു.

ഭിന്നശേഷി എന്നത് ശരീരപരിമിതികൾമാത്രമല്ല; മറിച്ച് അവയെ സാമൂഹികം, സാംസ്കാരികം, മതപരമായ അടിസ്ഥാനങ്ങളിൽ അർത്ഥവത്കരിക്കുന്നത് ധാരണകളും രീതികളും ആണെന്നു ആധുനിക ഭിന്നശേഷിപഠനശാസ്ത്രം വ്യക്തമാക്കുന്നു. മതം, ഈ അർത്ഥവ്യവസ്ഥയുടെ ആധാര ഘടകങ്ങളിലൊന്നാണ്. ദേഹം, പാപം, ശുദ്ധി, ശാപം, കരുണ, അനുസണക്കേട്, കർമഫലം എന്നീ ആശയങ്ങൾ മുഖേന ഭിന്നശേഷിയുള്ളവർക്ക് മതങ്ങളിൽ ഒരു പ്രത്യേക സ്ഥാനം നൽകിയിട്ടുണ്ടെങ്കിലും, അതു പലപ്പോഴും അനുഭാവപരമായ Sympathy അല്ലെങ്കിൽ നീതിപൂർവമായ Othering (പരവത്കരണം) ആയി മാറുന്നുണ്ട്. ഭൂരിപക്ഷം മതങ്ങളിലും മതങ്ങളിൽ ദേഹത്തെ ശുദ്ധം/അശുദ്ധം, പരിപൂർണ്ണം/അപൂർണ്ണം, ശക്തൻ/ദുർബലൻ എന്നിങ്ങനെ ദ്വന്ദരൂപങ്ങൾ കാണുന്നുണ്ട്. ഈ ദ്വന്ദങ്ങളാണു ഭിന്നശേഷിയുള്ളവരെ 'അസാധാരണ' ദേഹമായി മാറ്റുന്നത്. ഇങ്ങനെ ശരീരപരമായതും മതപരമായതുമായ അതിരുകൾ ഭിന്നശേഷിയുള്ളവരുടെ സാമൂഹ്യ ഇടപെടലുകൾക്കു തടസ്സം സൃഷ്ടിക്കുന്നു. മതകേന്ദ്രിത കാഴ്ചപ്പാടുകളിലും നിർമ്മിതികളിലും ഭിന്നശേഷിക്കാർക്കുള്ള സ്ഥാനം നിർണയിക്കേണ്ടതുണ്ട്. ഭിന്നശേഷി തലങ്ങൾ സാമൂഹിക വ്യവസ്ഥിതിയിൽ രൂപപ്പെടുന്നതിൽ മതങ്ങൾക്കും ഗ്രന്ഥങ്ങൾക്കും മതബോധനങ്ങൾക്കുമുള്ള പങ്കും അപഗ്രഥിക്കേണ്ടതുണ്ട്. ഭിന്നശേഷി സങ്കീർണ്ണവും ചടുലവും വിഭിന്നമാനങ്ങളും ഉൾക്കൊള്ളുന്ന ശബ്ദമാണ്. സാമൂഹികവുമായ തലങ്ങളാണ് ഇതിന്റെ അതിരുകൾ നിശ്ചയിക്കുന്നത്. സാമൂഹിക ഇടപെടൽ ശക്തമായതിനാൽ തന്നെ ജാതി, മത, വർഗ്ഗ സമീപനങ്ങൾ ഭിന്നശേഷിയെ ഒരേസമയം ലളിതവും അതേസമയം സങ്കീർണവുമാക്കിയിട്ടുണ്ട്. മതവും ഭിന്നശേഷിയും ഗുണകരമായും ദോഷകരമായും ഗഹനമായ മനുഷ്യ ജീവിതക്രമങ്ങളെ ബാധിച്ചിട്ടുണ്ട്, സ്വാധീനിച്ചിട്ടുണ്ട്.

മതം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെയും സമൂഹങ്ങളിലെയും മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും രൂപപ്പെടുത്തുന്ന പ്രധാന ഘടകമാണ്. അതുപോലെ, ഭിന്നശേഷിയുള്ളവരോടുള്ള സമീപനത്തെയും സാമൂഹിക പദവിയെയും മതവിശ്വാസങ്ങൾ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. ഓരോ മതവും ഭിന്നശേഷിയെ വ്യത്യസ്തമായി വ്യാഖ്യാനിക്കുകയും അതിനനുസരിച്ചാണ് അവരുടെ ദൈവചിന്തയും ആചാരങ്ങളും രൂപപ്പെട്ടത്. ചരിത്രാതീത

കാലം മുതൽ തന്നെ ഭിന്നശേഷിയെ സമൂഹം നോക്കിക്കാണുന്നത് 'അബലത' എന്ന തലത്തിലാണ്.

ലോക മതങ്ങളിൽ മിക്കവാറും എല്ലാം തന്നെ മാനവരൂപമുള്ള ദൈവ രൂപങ്ങളാണ്. ഗ്രീക്ക്, റോമൻ, ഹിന്ദു മതങ്ങളിൽ ദൈവങ്ങളെ മനുഷ്യസാദൃശ്യമുള്ള രൂപങ്ങളിലായി കാണുന്നു. അരൂപ ദൈവസങ്കൽപ്പമുള്ള മതങ്ങളിൽ പ്രഥമസ്ഥാനം ഇസ്ലാം മതത്തിനാണ്. ഹിന്ദുമതത്തിലെ ചില വിശ്വാസങ്ങളിലും അരൂപദൈവ ദർശനം വ്യക്തമാണ്. സാമൂഹികമായി, ദൈവവിശ്വാസം പ്രതീക്ഷയും ധാർമ്മികതയും നൽകുന്നതിനൊപ്പം, സമൂഹത്തിൽ ആശ്വാസം പകരുകയും സമുദായ ഐക്യം സാധ്യമാക്കുകയും ചെയ്യുന്നു. എന്നാൽ കാർൾ മാർക്സും മിഷെൽ ഫൂക്കോയും പോലുള്ള ചിന്തകർ ദൈവസങ്കൽപ്പം സാമൂഹിക നിയന്ത്രണത്തിനും അധികാര നിലനില്പിനും ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് പറയുന്നു. അടിമത്തം, ജാതിവ്യവസ്ഥ, ലൈംഗികത, ഭിന്നശേഷി എന്നിവയ്ക്കെതിരെ ദൈവാഭിമുഖതയുടെ പേരിൽ ന്യായീകരണങ്ങൾ ഉയർന്നിട്ടുള്ള ചരിത്രം അതിന് ഉദാഹരണമാണ് (Marx 54–55; Foucault 213). അതുകൊണ്ടു തന്നെ, ദൈവസങ്കൽപ്പം ഒരു തത്ത്വചിന്താത്മകത മാത്രമല്ല, അത് ഗഹനമായ സാമൂഹികരാഷ്ട്രീയ തലങ്ങളുടെ പുനർവിചിന്തനത്തിനു വഴിയൊരുക്കുകയും ചെയ്യുന്നു. മതസാഹിത്യത്തിലും എഴുത്തുകാരുടെ ചിന്താഗതികളിലും പാരമ്പര്യ ബദ്ധമായ വിശ്വാസ ചിന്താധാരകളുടെ പ്രകടനങ്ങളുണ്ടാകാം. മൂല്യാധിഷ്ഠിത അറിവ്, അന്വേഷണം, സമാനുഭാവം, ബഹുസ്വരത, പക്ഷപാത മുൻവിധികളിൽ നിന്നും പാഠങ്ങൾ ഭിന്നശേഷി തലവുമായി ബന്ധപ്പെട്ട് മതങ്ങൾ ഇനിയും ചർച്ച ചെയ്യേണ്ടതുണ്ട്. മതങ്ങൾ ചരിത്രപരമായി ഭിന്നശേഷിയോട് അനുകൂലവും പ്രതികൂലവുമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ആധുനിക ദശകളിൽ അവ സാമൂഹ്യനീതിയും സമത്വവുമുള്ള സമീപനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഭിന്നശേഷിയുള്ളവരെയും അവർ അനുഭവിക്കുന്ന യാഥാർത്ഥ്യങ്ങളെയും മാന്യമായി ഉൾക്കൊണ്ടൊരു മതപരമായ ഉൾച്ചേർക്കലുകൾ ആവിഷ്കരിക്കുന്നതിലാണ് പുതിയ ആശയങ്ങൾക്കു സാധ്യതയുള്ളത്. ഭാരതീയ മതങ്ങളിൽ വിശ്വാസവുമായി ബന്ധപ്പെട്ടു രൂപപ്പെട്ടിട്ടുള്ള ദർശനങ്ങളും ഭിന്നശേഷിയെക്കുറിച്ചുള്ള മതകേന്ദ്രിത കാഴ്ചപ്പാടിൽ അവഗണനയുടെ അംശങ്ങൾ സംസ്കാരനിർമ്മിതിയുടെ ഭാഗമായി സമകാലത്തിലും അടയാളപ്പെടുത്താറുണ്ട്. മതജീവിതത്തെ അടയാളപ്പെടുത്തിയ വ്യവഹാരങ്ങളിലും ഗ്രന്ഥ നിർമ്മിതികളിലും സാഹിത്യങ്ങളിലും ഭിന്നശേഷി ബഹുലതകളുടെ,

ബഹുസ്വരതകളുടെ അടരുകൾ കാണാം.

ഇന്ത്യയിലെ ഏറ്റവും വലിയ മതമാണ് ഹിന്ദുമതം. പുരാതനമായ സംസ്കൃത ഗ്രന്ഥങ്ങൾ (വേദങ്ങൾ, ഉപനിഷത്തുകൾ, ഗീത, പുരാണങ്ങൾ തുടങ്ങിയവ) അടിസ്ഥാനമായ മതം. ധർമ്മം (നീതിപരമായ ജീവിതം), കർമം (പ്രവൃത്തിയുടെ ഫലം), പുനർജന്മം, മോക്ഷം (മുക്തി) എന്നിവയാണ് പ്രധാന ആശയങ്ങൾ. വിശ്വരൂപ മതചിന്തയും പുരുഷാർഥ തത്ത്വവും ഉൾക്കൊള്ളുന്ന വിശാല കാഴ്ചപ്പാടുള്ള മതമാണ് ഹിന്ദുമതം.

വേദോപനിഷത്തുകളുടെ കാലത്തിനു ശേഷം ഇതിഹാസ കാലഘട്ടം രൂപപ്പെട്ടു.ഈ ഇതിഹാസ കാലഘട്ടത്തിൽ വർണ്ണ വ്യവസ്ഥ കൂടുതൽ ശക്തമായി.ജന്മം കർമ്മഫലം ആണെന്നു ജനസമൂഹം വിശ്വസിച്ചു. അതുകൊണ്ടുതന്നെ അത് തിരുത്താനാവാത്തത് ആണെന്നും ദുഷ്കൃത്യങ്ങൾ ചെയ്ത് കർമ്മഫലം അർഹിച്ചവർ താഴ്ന്ന ജാതിയിൽ ജനിക്കുന്നു എന്നും ഒരിക്കലും മുക്തിക്ക് യോഗ്യമല്ലാത്ത ഹീനജന്മമായി ചണ്ഡാള യോനിയിൽ ജനിക്കുന്നതെന്നുള്ള വിശ്വാസം മനുഷ്യരെ തമ്മിൽ വേർതിരിക്കുകയും നിഷിദ്ധരായി ഗണിക്കുകയും ചെയ്തു. സമൂഹനിർമ്മിതിയിൽ ഇത് പൊതുബോധം സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇവിടെയാണ് ഹിന്ദുമതത്തിലെ ഭിന്നശേഷി വിനിമയം ചെയ്യപ്പെടുന്നത്. ഇതിനുശേഷം വിരചിതമായ രാമായണ മഹാഭാരത കഥകളിൽ മത ചിന്തകളിലൂടെ രൂപപ്പെട്ട പുതിയ ഭിന്നശേഷി വ്യാഖ്യാനങ്ങൾ ഉണ്ടായി.

ഭിന്നശേഷിയുടെ വ്യത്യസ്ത മാതൃകകൾ ഇതിൽ കാണാൻ കഴിയും. സാമൂഹിക കാഴ്ചപ്പാടുകൾ സൂക്ഷ്മമായി ചിത്രീകരിച്ച കഥാപാത്രങ്ങളിലൂടെ രൂപംകൊണ്ട രാമായണ മഹാഭാരതങ്ങൾ ഒട്ടനവധി ഉദാഹരണങ്ങൾ കൊണ്ട് സമ്പന്നമാണ്. മഹാഭാരതത്തിൽ ഉടനീളം പ്രത്യക്ഷപ്പെടുന്ന കഥകളിലും ഉപകഥകളിലും ജീവിക്കുന്ന ഭിന്നശേഷി കഥാപാത്രങ്ങളിൽ ശ്രദ്ധേയനാണ് ധൃതരാഷ്ട്രർ. (ജന്മസംബന്ധമായ കാഴ്ചരാഹിത്യം) ഹസ്തിനാപുരത്തിലെ രാജാവ്. കൌരവരുടെ പിതാവ്. അന്ധതയെ തന്റെ ഏറ്റവും വലിയ പോരായ്മയായി ഗണിച്ച ഹസ്തിനപുരിയിലെ കുരു രാജവംശത്തിലെ അന്ധനായ രാജാവാണ് ധൃതരാഷ്ട്രർ. അന്ധത ഉണ്ടായിരുന്നിട്ടും, അവൻ ശരീരപ്രാപ്തിയുള്ളവനും, ന്യായബോധമുള്ളവനും, പണ്ഡിതനായ രാജാവും, അപാരമായ ശരീരബലമുള്ളവനായിരുന്നു. ഒരു രാജാവെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പരമാധികാരം അദ്ദേഹത്തിന്റെ അന്ധത കാരണം സംശയിക്കപ്പെടുന്നു. സാമൂ

ഹിക ധാർമ്മികത ചോദ്യം ചെയ്യപ്പെടുമ്പോൾ ധൃതരാഷ്ട്രർ സ്വയം മുഖ്യധാരയിൽ നിന്നു പിൻവാങ്ങുന്നു. ധൃതരാഷ്ട്രരിൽ കാണപ്പെടുന്ന ഏതൊരു പെരുമാറ്റ പിഴവും അവന്റെ കഴിവില്ലായ്മ കൊണ്ടല്ല, മറിച്ച് അവന്റെ അന്ധത ചുറ്റുമുള്ള ആളുകൾ മനസ്സിലാക്കിയ രീതിയാണ്. ധൃതരാഷ്ട്രർ തന്റെ കൈക്കരുത്തിനെ അവഗണിച്ചു ഉറച്ച നിലപാടുകളെടുക്കാനുള്ള ശേഷിക്കുറവിനെ മറച്ചുവെച്ചു സ്വജീവിതം ദുരന്തത്തിൽ കൊണ്ടു ചെന്നെത്തിച്ചു. പരിമിതിയെ ഉൾക്കൊള്ളാനാകാതെ സഹാനുഭൂതി സ്വപ്നം കണ്ട ഒരായിരം പേരുടെ ഗണത്തിൽപ്പെടുന്ന ആദിമാതൃകയായി ധൃതരാഷ്ട്രർ വർത്തിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചരാഹിത്യം പലപ്പോഴും മൗലികമായ അന്ധതയുടെ പ്രതീകമായി കാണപ്പെടുന്നു. ധൃതരാഷ്ട്രന്റെ ഭാര്യയായ ഗാന്ധാരി (സ്വമേധയാ അന്ധത തിരഞ്ഞെടുത്തവൾ) ഭർത്താവിന്റെ അനുഭവം പങ്കിടാൻ താനായി ദൃശ്യശക്തി ഉപേക്ഷിച്ചവൾ ചോദിച്ചെടുത്ത വൈകല്യത്തിന്റെ ഉദാഹരണമാണ്. ശകുനി (കൈകാലുകൾ തളർന്നു ചലനക്ഷമത കുറഞ്ഞവൻ) കൗരവരിൽ മൂത്തവനായ ദുര്യോധനന്റെ പ്രിയപ്പെട്ടവനും ഉപദേഷ്ടാവും ആയിരുന്നു ശകുനി. മഹാഭാരതയുദ്ധം നിരന്തരമായ പ്രേരണകളുടെ (motivation) ഭാഗമായി ഉണ്ടായതാണെങ്കിൽ അതിന് കാരണക്കാരനായ ഒരേയൊരു കഥാപാത്രമാണ് ശകുനി. ജൻമനാ കാലിനുണ്ടായ തളർച്ച, മുടന്താണ് ശകുനിയുടെ വൈകല്യം. അന്ധനായ ധൃതരാഷ്ട്രർക്ക് കുബുദ്ധി ഉപദേശിച്ച് തന്റെ ഭിന്നശേഷിയെ ഗുണമായോ ദോഷപരമായോ ഉപയോഗപ്പെടുത്താതെ തിൻമകളിൽമാത്രം അഭിരമിച്ചു ജീവിതം അവസാനിപ്പിച്ചയാളാണ് ശകുനി. തന്റെ പിതാവിന്റെ തടവിനിടയിൽ അനുഭവിച്ച ശാരീരിക യാതനയുടെ ഫലമായി ആ ശകുനിക്ക് ഭിന്നശേഷിയുണ്ടാതെന്നും പറയപ്പെടുന്നു. അതിന്റെ ഭാഗമായി മാനസിക വൈകല്യവും പ്രകടിപ്പിക്കുന്നുണ്ട് .

അഷ്ടാവക്രൻ (ശരീരത്തിന്റെ എട്ട് ഭാഗങ്ങളിൽ വളവുള്ളവൻ) മഹത്തായ ഋഷിയും ദാർശനികനുമാണ്. ശരീരത്തിന്റെ വളവ് ജ്ഞാനത്തെ തടയുന്നില്ല എന്നതിനുദാഹരണമാണ് അഷ്ടാവക്രൻ. കഹോഡകനും ഉദ്ദാലകപുത്രിയായ സുജാതയ്ക്കും ജനിച്ച പുത്രനാണ് അഷ്ടാവക്രൻ. കഹോഡകൻ ചൊല്ലിയ വേദങ്ങൾ കേട്ടു ഹൃദിസ്ഥമാക്കിയ ഗർഭസ്ഥനായ അഷ്ടാവക്രൻ പിതാവ് വേദം ചൊല്ലുന്നത് തെറ്റിയപ്പോൾ തിരുത്തുകയുണ്ടായി. അതിൽ കുപിതനായ പിതാവിന്റെ ശാപം മൂലം ശരീരത്തിൽ വളവുകളോടുകൂടിയവനായി അഷ്ടാവക്രൻ ജനിച്ചു. നിൽക്കുവാനോ നടക്കുവാനോ സാധിക്കാതിരുന്ന അഷ്ടാവക്രൻ പകൽ ജനിച്ചു എന്നാണ് ഐതിഹ്യം.

വളവുകൾ നിമിത്തം നിവർന്നു നിൽക്കാൻ കഴിയാഞ്ഞ അഷ്ടാവക്രൻ അസാമാന്യമായ ജ്ഞാനോൽപാദനം കൊണ്ട് അതിനെയെല്ലാം തരണം ചെയ്തു. കർണൻ ശാരീരികമായി കരുത്തുള്ളവനെങ്കിലും സാമൂഹികമായി കവചകുണ്ഡലങ്ങളാൽ വൈകല്യമുള്ളവനാണ്. ജരാസന്ധൻ (രണ്ടു കഷണങ്ങളായി പിറന്നതും ജരാ എന്ന യക്ഷിണി ചേർക്കുന്നതും) മഹാഭാരതത്തിൽ മിക്ക വായനക്കാരുടെയും മനസ്സുതൊട്ടു നിൽക്കാൻ ത്രാണിയുള്ള കഥാപാത്രങ്ങളിലൊരാളാണ് ഏകലവ്യൻ. കൊടിയ ജാതിമത ചിന്തകളാൽ ജീവിതം ഹോമിച്ച ആദ്യ രക്തസാക്ഷി. ജന്മനാ ആരോഗ്യവാനായിരുന്ന എലവ്യനെ സംബന്ധിച്ചുണ്ടായ ഏകപ്രശനം അവനൊരു കാട്ടാളൻ/ഹീനജാതൻ ആയിരുന്നു എന്നതാണ്. കുലത്തിന്റെയും നിറത്തിന്റെയും പേരിൽ അധമനെന്ന് പരിഹസിച്ച ലോകത്തെ തന്റെ മനോബലവും ഇച്ഛാശക്തിയും കൊണ്ട് വെല്ലുവിളിച്ച ഏകലവ്യന് പക്ഷേ തന്റെ കഴിവുകളെ അംഗീകരിക്കാത്ത ലോകത്തിനോട് പൊരുതി വിജയം നേടാൻ സാധിച്ചില്ല.ശിഷ്യനായി തന്നെ അംഗീകരിക്കാതിരുന്ന ദ്രോണരെ ഗുരുവായംഗീകരിച്ച്, അർജ്ജുനന്റെ പ്രേരണ പ്രകാരം ഗുരു ദക്ഷിണയാവശ്യപ്പെട്ട ദ്രോണർക്ക് പെരുവിരൽ മുറിച്ചു നൽകിയാണ് ഏകലവ്യൻ ഭിന്നശേഷിക്കാരനായിത്തീർന്നത്. ജാതിയും കഴിവും ശക്തിയും തമ്മിലുള്ള രാഷ്ട്രീയത്തെ ഈ സന്ദർഭത്തെ ശ്രദ്ധേയമാക്കുന്നു. വാമനൻ (കുറുകിയ ശരീരത്തോട് കൂടിയവയവൻ) വാമനൻ എന്ന പ്രതീകം ഹിന്ദു പുരാണങ്ങളിൽ വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായി പരിഗണിക്കപ്പെടുന്ന ദൈവിക രൂപമാണ്. പ്രത്യക്ഷമായ ഭിന്നശേഷിയും അന്തർലീന ശക്തിയും' എന്ന ആശയത്തെ ദൈവത്വരൂപമായി ചിത്രീകരിക്കുന്നു. മഹാഭാരതത്തിലുടനീളം പ്രത്യക്ഷപ്പെടുന്ന ഭിന്നശേഷി കഥാപാത്രങ്ങളിൽ മന?പൂർവം കുറവുകൾ അടിച്ചേൽപ്പിക്കപ്പെട്ടവരുണ്ട്. ശാരീരിക പരിമിതികളെ കുറവായി അംഗീകരിച്ചവരും ഇതിനെ ഗൗനിക്കാത്തവരും മഹാഭാരതകഥയെ സമ്പന്നമാക്കി.

രാമായണത്തിലും ഭിന്നശേഷിയുള്ള കഥാപാത്രങ്ങൾ കർമഫലമായി പ്രത്യക്ഷപ്പെടുന്നതായി കാണാം. കബന്ധൻ നിറയറ്റ ശരീരം; തല ഇല്ല, കണ്ണുകൾ നെഞ്ചിൽ കാണുന്നു. മുൻപ് ഒരു ദേവതയായിരുന്നെങ്കിലും ശാപം മൂലം ഒരു ഭീകരരൂപത്തിൽ കുടുങ്ങിയിരിക്കുന്നു. രാമൻ അവനെ കൊല്ലുമ്പോൾ ശാപമുക്തനാകുന്നു. വൈകല്യം കർമഫലമായി കാണുന്ന ഉദാഹരണമാണ്. ജടായു ഇരു ചിറകുകൾ രാവണൻ അറിഞ്ഞതിലൂടെ ഏറ്റുവങ്ങേണ്ടി വന്ന വൈകല്യം. മന്ഥര ശാരീരിക വൈകല്യം (കുനിഞ്ഞ ശരീരം) ഉ

പയോഗിച്ച് ദുരാഗ്രഹത്തിന്റെയും സ്ത്രീ നൈതിക വീഴ്ചയുടെയും പ്രതീകമായി ചിത്രീകരിച്ചിട്ടുണ്ട്. ശാരീരിക വൈകല്യത്തെ അന്യായത്തിന്റെയും ദുരഭിപ്രായത്തിന്റെയും പ്രതീകമായി കാണുന്നു. ശൂർപ്പണഖ മൂക്കും മുലയും അരിഞ്ഞ അവസ്ഥയിൽ ഭിന്നശേഷി പ്രതീകമാണ്. രാമനെയും സീതയെയും ആക്രമിക്കാൻ ശ്രമിച്ചതിന് പ്രതികാരമാണിത്. രണ്ട് മഹാകാവ്യങ്ങളിലുമുള്ള ഭിന്നശേഷി കർമഫലമായി, ചിലപ്പോൾ ധാർമ്മിക പ്രതീകമായി, മറ്റു ചിലപ്പോൾ സാമൂഹികമായി പ്രതിനിധീകരിക്കുന്നതായി കാണാം.

ബോധപൂർവമായ രീതിയിലുള്ള വിശകലനമായും മറ്റ് സാഹചര്യങ്ങളിൽ അവഗണനയോ ശിക്ഷയോ ആയി ഭിന്നശേഷിമാറുന്ന അവസ്ഥകളും ഇതിഹാസ മഹാകാവ്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. യുദ്ധപരിസരങ്ങളിൽ നിന്നു ഭിന്നശേഷിയാകുന്നവരും ആത്മീയശക്തിയേയും ധാർമ്മികതയേയും പ്രതിനിധീകരിക്കുവാൻ ഭിന്നശേഷിയേൽക്കേണ്ടിവന്നവരും ഹിന്ദുമതത്തിലെ പുരാണഇതിഹാസങ്ങളിൽ കാണാം. ശാരീരിക വൈകല്യങ്ങളോട് തളരാതെ പ്രതിസന്ധികളോട് പൊരുതി ജ്ഞാനസമ്പാദനം, ആത്മവിശ്വാസം എന്നിവ കൊണ്ട് പരിമിതികളെ നേട്ടങ്ങളാക്കി മാറ്റാൻ സാധ്യമാണെന്ന് പറഞ്ഞു തരുന്നവർ, സ്വയം തിരസ്കൃതരാകുന്നവർ, തിന്മയ്ക്ക് ഭിന്നരൂപം സ്വീകരിക്കുന്നവർ തുടങ്ങി അനവധി കഥാപാത്രങ്ങൾ അഖ്യാന രൂപങ്ങളിലൂടെ മനുഷ്യാവസ്ഥയുടെ മറുപുറം കാണിച്ചുതരുന്നു. ഇന്ന് നാം കാണുന്ന ഭിന്നശേഷി രൂപങ്ങളുടെ പകർച്ചയാണ് സാഹിത്യങ്ങളിലും ഉള്ളത്. സംസ്കാരപാരമ്പര്യത്തെ അടിസ്ഥാമാക്കി ഭിന്നശേഷി പരകല്പനകളെ ആഖ്യാനപരമായി കഥാപാത്രരൂപേണ നിർമ്മിക്കുന്നതിൽ പുരാണ ഇതിഹാസ സാഹിത്യങ്ങൾക്കുള്ള പങ്ക് ശ്രദ്ധേയമാണ്.

ലോകത്തിലെ ഏക ദൈവവിശ്വാസ(അല്ലാഹു) മതങ്ങളിൽ ഏറ്റവും പ്രധാനമാണ് അറേബ്യയിൽ രൂപം കൊണ്ട് ലോകം മുഴുവൻ വ്യാപിച്ച ഇസ്ലാം മതം. പ്രവാചകനായ മുഹമ്മദ് നബി വഴി AD ഏഴാം നൂറ്റാണ്ടിൽ സ്ഥാപിതമായ മതമാണിത്. ഖുർആൻ ആണ് മതഗ്രന്ഥം. 5 പ്രധാന മതസൂത്രങ്ങൾ (Five Pillars): ഇമാൻ, നമാസ്, സക്കാത്ത്, സവ്മം, ഹജ്ജ് തുടങ്ങിയവ മതവിശ്വാസത്തിന്റെ ഭാഗമാണ് ധാർമ്മികത, സഹജീവിതം എന്നിവയ്ക്കു പ്രാധാന്യം നൽകുന്നു

അറേബ്യയിൽ നിലവിലിരുന്ന സാമൂഹ്യ രാഷ്ട്രീയ ചരിത്ര സാഹചര്യങ്ങളുടെ സ്വാധീനം വളരെ പ്രധാനമാണ്. ബഹുദൈവ

വിശ്വാസം പിന്തുടർന്നിരുന്ന അറേബ്യയിലെ പൊതുവിശ്വാസധാരയിൽ നിന്നും ഭിന്നമായ ഏക ദൈവവിശ്വാസം പിന്തുടർന്ന ഹനീഫുകൾ അറേബ്യയുടെ ഭാഗമായിരുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് മുഹമ്മദ് നബി ഇസ്ലാം മതത്തിന്റെ നായകനാകുന്നത്. ഈ കാലഘട്ടത്തിൽ യഹൂദ മതം മദീനയിൽ നിലനിന്നിരുന്നു അവരെ അംഗീകരിച്ച മുഹമ്മദ് അവരെ ബഹുമാനിക്കുകയും ചെയ്തു. 'യഹൂദന്മാരെയും ക്രിസ്ത്യാനികളെയും വേദക്കാരായി അംഗീകരിച്ചു. അവരുടെ വിശുദ്ധ ഗ്രന്ഥങ്ങളെ ദൈവിക വെളിപാടുകളായി അംഗീകരിക്കുകയും അബ്രഹാം, മോശ തുടങ്ങിയ പ്രവാചക പരമ്പരയിലെ പ്രവാചകനായി മുഹമ്മദ് നബി മാറുകയും ചെയ്തു. ഇസ്ലാം മതഗ്രന്ഥമായ ഖുറാൻ ഇക്റ എന്ന അറബി മൂലപദത്തിൽ നിന്നും ഉത്ഭവിച്ചതാണ്. ഖുർആൻ ദൈവത്തിന്റെ വചനമാണ്. ആദ്യം മുതൽ അവസാനം വരെ ഖുറാനിലെ ഓരോ വാക്കും വ്യാകരണവും ഉച്ചാരണവും അക്ഷരവും ദൈവത്തിന്റേതാണ് എന്ന് ഇസ്ലാം മതം വിശ്വസിക്കുന്നു' (വർഗീസ് ,2023) ഇസ്ലാമിന്റെ ശാസ്ത്രവും ദർശനവും ചിന്താധാരകളും നൈതിക പ്രമാണങ്ങളും എല്ലാം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് അറബി ഭാഷയിലാണ്. എല്ലാ വ്യവഹാരങ്ങളും ഈ വിശുദ്ധ ഭാഷയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. അല്ലാഹു ഏറ്റവും വെറുക്കുന്നത് പാപമാണ് എന്ന് ഖുർആൻ പറയുന്നു. ഖുറാൻ, ഹദിസ്, ഖിയാസ്, ഇജ്മ എന്നീ നാല് പ്രമാണങ്ങൾ വിശ്വാസത്തിനും ആചാരങ്ങൾക്കും ചട്ടങ്ങൾക്കും ഉള്ള ആധാര രേഖകളായി ഇസ്ലാം സ്വീകരിച്ചു. ഈ നാല് പ്രമാണ രേഖകളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തപ്പെട്ടിട്ടുള്ള നിയമസംഹിതയാണ് ശരിഅത്ത്. ഇത് സമ്പൂർണ്ണമായ ജീവിതവ്യവസ്ഥയാണ്. ദൈവിക ആജ്ഞ അനുസരിച്ചാണ് ഇത് ചിട്ടപ്പെടുത്തപ്പെട്ടിരിക്കുന്നത്. (ibid,2023) ഈ നിയമസഹിതകളിൽ ഭിന്നശേഷിക്കുള്ള സ്ഥാനം വിശ്വാസങ്ങൾക്കുള്ളിൽ മാത്രമാണു നിലകൊള്ളുന്നത്.

കുടുംബ ജീവിതം, വ്യവഹാരങ്ങൾ, ജനന മരണങ്ങൾ, സ്വർഗ്ഗം, നരകം, എന്നിവയുമായി ബന്ധപ്പെട്ടും മതപരമായ നിയമങ്ങൾക്കും ഇസ്ലാംമത വിശ്വാസികൾ ഖുറാനെ ആശ്രയിക്കുന്നു. പരിമിതികൾ ഉള്ള വ്യക്തികളെ മതപരമായ കടമകളിൽ നിന്ന് ഒഴിവാക്കുന്നത് ഉൾപ്പെടെയുള്ള സന്ദർഭങ്ങൾ ഖുർആനിൽ കാണാം (ഖുറാൻ 24:61) അതോടൊപ്പം തന്നെ ഭിന്നശേഷിക്കാരെ, അവശവിഭാഗങ്ങളെ സേവിക്കുവാൻ പ്രേരിപ്പിക്കുന്ന ആശയങ്ങളും ഖുർആനിലുണ്ട് (ഖുറാൻ 4:75). 'ഇസ്ലാമിൽ ആരോഗ്യം ദൈവത്തിൻറെ ദയയുടെ ഭാഗമായാണ് കാണുന്നത്. ആത്മീയ വിശുദ്ധിക്കായി രോഗം വരു

ന്നുവെന്നും രോഗിയായ വിശ്വാസിക്ക് പശ്ചാത്തപിക്കാൻ അവസരം ഉണ്ടെന്നും രോഗം ചില പാപങ്ങൾക്കുള്ള ശിക്ഷയുടെ മാർഗം ആണെന്ന് റിസ്പ്ലർ കൈം സൂചിപ്പിക്കുന്നു' (Rispler, 2007). ഇസ്ലാമിക നിയമത്തെ നിയന്ത്രിക്കുന്ന അറബി പദാവലിയിൽ ഭിന്നശേഷിക്ക് പകരമായി വൈകല്യങ്ങളെ ഖുറാനിൽ ഇങ്ങനെയാണ് ചിത്രീകരിച്ചിട്ടുള്ളത്

അന്ധൻ (ama), ബധിരൻ (aamm), മൊഴിയില്ലാതാക്കപ്പെട്ടവർ (abkam, akhras), ഭ്രാന്തൻ/മാനസിക വൈകല്യമുള്ളവർ (majnun), മുടന്തൻ (araj), ദുർബലർ (aif), അനാഥർ (yatim), അടിച്ചമർത്തപ്പെട്ടവർ (mustadaf),നാടോടികൾ (ala safar, ibn assabil), ദരിദ്രർ (miskin), രോഗികൾ (mari), ആവശ്യമുള്ളവർ (faqir) തുടങ്ങി പർശവത്കരിക്കപ്പെടുന്നവരുടെ നാമരൂപങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ കാണാം. (Miles,2008)

ഇസ്ലാംമത കാഴ്ചപ്പാടിലെ ഭിന്നശേഷിയെ കുറിച്ച് പഠനം നടത്തിയ ഗവേഷകർ പറയുന്നത് 'കാലവും സ്ഥലവും അനുസരിച്ച് ഭിന്നശേഷി വിനിമയങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു' എന്നാണ്. ആഴത്തിൽ വേരൂന്നിയതും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പശ്ചാത്തലത്തിൽ വിശ്വാസധാരയിൽ ഉറച്ചുപോയ ചില വസ്തുതകളാണിത്. 'ഭിന്നശേഷിക്കാർ സാമൂഹികമായി സ്വീകാര്യത കുറവുള്ളവരാണ്,ഒപ്പം ബാധ്യതയും. വൈകല്യം ഒരു ശിക്ഷയായി പരിഗണിക്കപ്പെടുന്നു, വ്യവസ്ഥകൾ ലംഘിക്കുന്ന മനുഷ്യന്റെ പാപത്തിന് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ഒന്ന്. 'ദൈവത്തിൽ നിന്നകന്നു മന്ത്രവാദത്തിന്റെ പുറകെ പോകുന്നവർക്കുള്ള ശിക്ഷ. മാതാപിതാക്കളുടെ പാപത്തിന്റെ അനന്തരഫലം. മനുഷ്യരുടെയും ദുരാത്മാക്കളുടെസ്വാധീനം'. (Covey, 1998) ഭിന്നശേഷി ധാരണകളിലെ ചില പൊതുവായ അംശങ്ങളെ കുറിച്ചാണ് കോവി ഇങ്ങനെ സൂചിപ്പിക്കുന്നത്.

ഈ മതവിശ്വാസത്തിൽ രോഗികൾക്കുള്ള ഇളവ് വൈകല്യമുള്ള വ്യക്തികൾക്കും നല്കിയിട്ടുണ്ട്. ശാരീരിക പരിമിതികളുള്ള വ്യക്തികൾക്ക് നിർബന്ധ വ്രതാനുഷ്ഠാനങ്ങൾ, കുമ്പിട്ടുള്ള നിസ്കാരം എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ഭിന്നശേഷിയുള്ള വ്യക്തികൾ അവരുടെ വൈകല്യങ്ങളുടെ പേരിൽ ഒഴിവാക്കുകയോ അവഹേളിക്കുകയോ ചെയ്യരുത് എന്നു ഖുർആനിലും സുന്നത്തിലും പറഞ്ഞിട്ടുണ്ട്. ഇതിനുദാഹരണമായി ഒരു അന്ധന്റെ കഥ ഖുറാനിലെ എൺപതാം അധ്യായത്തിൽ പ്രവാചകൻ പറയുന്നു. 'ഒരു ആത്മാവിനും

(ദൈവം) അതിന് കഴിയുന്നതിനേക്കാൾ വലിയ ഭാരം ചുമത്തുകയില്ല'(അലി, 1992, ലോക രാജ്യങ്ങളിൽ ഇസ്ലാമിന്റെ ഭിന്നശേഷി വീക്ഷണങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. മുസ്‌ലീം ജനസംഖ്യയുള്ള കൂടുതലുള്ള രാജ്യങ്ങളിലും, മുസ്‌ലിം നേതൃത്വമുള്ള മുസ്‌ലീം രാഷ്ട്രങ്ങളിലും, ന്യൂനപക്ഷ ചിന്താഗതി, പുരോഗമന മനോഭാവം, മാനവികത എന്നിവയിലുള്ള വ്യത്യാസം കൃത്യമായി പ്രകടമാണ്. ഇസ്‌ലാമിക നിയമത്തിന്റെ സവിശേഷതയാണ് ഇതിന് കാരണം. ചരിത്രത്തിലുടനീളമുള്ള വൈകല്യത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾക്കു മതപരമായ മാനദണ്ഡം നൽകുകയാണ് വിവിധ സംസ്കാരങ്ങൾ ചെയ്തത്. (Tanveer, 2014) പാപത്തെയും വിധിയെയും വിശ്വാസത്തെയും കർമ്മഫലത്തെയും അടിസ്ഥാനമാക്കി രൂപീകരിച്ച മതകേന്ദ്രീകൃത ജീവിതവ്യവസ്ഥിതി ഭിന്നശേഷിയെ മുഖ്യധാരയിൽ നിന്ന് ഒഴിവാക്കിനിർത്തുന്നു.

ശരീരത്തെയും സ്വത്വത്തെയുംകുറിച്ചു നിലവിലുള്ള മാനദണ്ഡങ്ങളും സാധാരണത്വത്തിന്റെ ആശയങ്ങളും മതബോധങ്ങളിൽ നിന്ന് ആവിഷ്കൃതമാകുന്നതാണ്. ഭിന്നശേഷി സൂചനകൾ വ്യക്തികേന്ദ്രീകൃത പ്രശ്നം എന്ന നിലയിൽ നിന്ന് പൊതുബോധമണ്ഡലത്തിലേക്കും മറ്റു വ്യവഹാര മാതൃകകളിലേക്കും തിരിച്ചുവിട്ടാൽ മാത്രമേ സാമ്പ്രദായിക ധാരണകളിൽ നിന്ന് രൂപം കൊള്ളുന്ന ഭിന്നശേഷി ധാരണകൾ തിരുത്തുവാൻ കഴിയുകയുള്ളൂ. ആധുനിക മതസമൂഹങ്ങളിലെ വിനിമയ ബന്ധങ്ങളിൽ ഭിന്നശേഷി തലങ്ങൾ ഇനിയും വിശാല കാഴ്ചപ്പാടുകളിലേക്ക് ഉൾച്ചേരേണ്ടതായുണ്ട്.

ബിസി ആറും ഏഴ് നൂറ്റാണ്ടുകളെ മാനവചരിത്രത്തിൽ പുതിയ ദർശനങ്ങളുടെയും പുതിയ ലോകവീക്ഷണങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും കാലമായി പരിഗണിക്കാം. യവന തത്വചിന്തകരും ഇസ്രയേൽ പ്രവാചകന്മാരും ചൈനയിലെ ദാർശനികരും ഭാരതത്തിലെ ഉപനിഷത്ത് ചിന്തകരും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. ഈ കാലഘട്ടത്തിൽ ശ്രീബുദ്ധൻ ഉയർത്തിയ നൈതിക പ്രതിബോധങ്ങളും (counter consciousness) അസ്ഥിത്വപരമായ ചോദ്യങ്ങളും മത സാമൂഹിക തലത്തിലെ പൊളിച്ചെഴുത്തുകൾക്ക് കാരണമായി. നിലവിൽ ഉണ്ടായിരുന്ന മനുഷ്യ ബോധ്യങ്ങളും ബോധങ്ങളും പുനർവായനയ്ക്ക് വിധേയമായി. കൂടാതെ മതബോധങ്ങളും ആചാരരീതികളും വിശ്വാസബോധങ്ങളും വെല്ലുവിളിയായി ഉയരുകയും ചെയ്തു.

ദാർശനികതയും നൈതികതയും സർഗാത്മകതയു ഒരുമിക്കുന്ന ഒരു മതമാണ് ബുദ്ധമതം. ഭാരതത്തിൽ രൂപം കൊണ്ട് ഭാരതത്തിന് പുറത്തു കരുത്താർജ്ജിച്ച ലോകത്തിലെ പ്രധാനപ്പെട്ട മതം കൂടിയാണ് ബുദ്ധമതം. രോഗവും ശാരീരിക അസ്വസ്ഥതയും വേദനയും ഭിന്നശേഷിയും വാർദ്ധക്യവും മരണവും മനുഷ്യാവസ്ഥയിലെ അനുഭവങ്ങൾ ആണെന്നും രോഗമരണാദികളിൽ നിന്നും ജരാനരകളിൽ നിന്നും മനുഷ്യൻ മുക്തനല്ല എന്നുമുള്ള ജ്ഞാനബോധമാണ് ബുദ്ധനെ ധ്യാനമാർഗത്തിൽ ഉറച്ച ജ്ഞാനതൃഷ്ണയിലേക്ക് നയിച്ചത്. സർവ്വശക്തനായ ദൈവം എന്ന സങ്കല്പം നിഷേധിച്ചതിലൂടെ ബുദ്ധൻ മുമ്പോട്ട് വെച്ചത് ഓരോരുത്തരും അവരവരുടെ രക്ഷ സ്വയം കണ്ടെത്തണമെന്ന് ദർശനമാണ്.ലോക ക്രമത്തെ വസ്തുനിഷ്ഠമായ വിശകലനത്തിനു വിധേയമാക്കി മൂന്ന് ആശയങ്ങൾക്ക് രൂപം കൊടുത്തു.

1. അനിച്ഛ (ക്ഷണികവാദം)

2. അനാത്ത (അനാത്മവാദം)

3. ദുഃഖം

ഇതിൽ ദുഃഖവുമായി ബന്ധപ്പെട്ടു ഭിന്നശേഷിയെ നിർവചിക്കാൻ കഴിയും. എല്ലാ സംഘാത വസ്തുക്കളും ദുഃഖമാണ് . 'സരേസബ്ബദുഃഖ' എന്നതാണ് ബുദ്ധപ്രമാണം. ശാരീരിക പരിമിതി/ രോഗാവസ്ഥ ഭിന്നശേഷിയുമായി ബന്ധപ്പെട്ടതാണ്. അത് സ്വത്വത്തെ ചോദ്യം ചെയ്യുന്നതാണ്. സൗഖ്യം പൂർണ്ണത ആനന്ദം എന്നിവയുടെ എതിർഭവമാണ് ദുഃഖം മാറ്റത്തിന് വിധേയമാകുന്നതെല്ലാം ദുഃഖമാണ്. ശാരീരിക മാനസിക പരിമിതികളെ ഈ ദുഃഖത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കാൻ സാധിക്കും. എന്നാൽ റിൻപോച്ചെ പറയുന്നു ബുദ്ധമതത്തിൽ ഭിന്നശേഷി ദുഃഖത്തിന് തുല്യമല്ല. ഒരു മനുഷ്യാവസ്ഥ മാത്രമാണത്. എല്ലാ ജീവജാലങ്ങളുടെയും അസ്തിത്വം, ദുഃഖവുമായി ബന്ധപ്പെട്ടിരിക്കുന്നു. പദവിയോ കഴിവോ പരിഗണിക്കാതെ ആരും ദുഃഖങ്ങളിൽ നിന്ന് രക്ഷപ്പെടുന്നില്ല, 'അതീത കാലം മുതൽ ഇന്നുവരെ എത്തിച്ചേരുന്ന ജീവിതങ്ങളുടെ ഒരു പരമ്പരയിലൂടെ നാം സംസാരലോകത്തിൽ അനുഭവിക്കാത്ത ഒരു തരത്തിലുള്ള കഷ്ടപ്പാടുമില്ല' (Rinpoche,1990). ബുദ്ധമതം നിലവിൽ ഉണ്ടായിരുന്ന വേദപുരാണം മതത്തിന്റെ ദാർശനിക, അനുഷ്ഠാന, ബിംബ കൽപ്പനകളെ നിഷേധിച്ച സാമൂഹിക സങ്കല്പനകളെ പുനർവായിച്ചെങ്കിലും കർമ്മ പുനർജന്മ വിശ്വാസത്തെ പുതിയ വ്യാഖ്യാനത്തോടെ ബുദ്ധൻ സ്വീകരിച്ചു. കർമ്മത്തെ മൂന്ന് തല

ത്തിലാണ് ബുദ്ധൻ വിവക്ഷിക്കുന്നത് മനഃകർമ്മം, വാക് കർമ്മം കായകർമ്മം .ഈ കർമ്മങ്ങളുടെ അനന്തരഫലമാണ് മനുഷ്യൻ അനുഭവിക്കുന്നതെന്ന് ബുദ്ധമതം വിശ്വസിച്ചു. ജെയിംസ് ചാൾട്ടന്റെ *നത്തിങ് എബൌട്ട് അസ് വിതൌട്ട് അസ്* എന്ന പുസ്തകത്തിൽ (1998) ഒരു അനുഭവം പരാമർശിക്കുന്നു, 'തായ്‌ലൻഡിലെ നിരവധി ബുദ്ധമതക്കാരുമായി പുനർജന്മത്തെക്കുറിച്ചും ഭിന്നശേഷി അവസ്ഥയെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്, ഭിന്നശേഷിക്കാരിൽ ഭൂരിഭാഗവും തങ്ങളുടെ വൈകല്യത്തിന്റെ കാരണം മുൻകാല പ്രവൃത്തികളുടെ ഫലമാണെന്ന് വിശ്വസിച്ചു. വൈകല്യം, സാമൂഹിക നീതി, മതവിശ്വാസങ്ങൾ എന്നിവയെക്കുറിച്ചുള്ള ബുദ്ധമതക്കാരുടെ മനോഭാവത്തിൽ പൊരുത്തക്കേടുകൾ ഉണ്ടെന്നും മനസ്സിലായി. 'ഞങ്ങളിരുന്ന മുറി നിശബ്ദമായി. അവരുടെ മതവിശ്വാസങ്ങൾ അവരുടെ രാഷ്ട്രീയ സാമൂഹിക വിശ്വാസങ്ങളുമായി വൈരുദ്ധ്യമാണെന്ന് എനിക്കു മനസ്സിലായി'. (Charlton, 1998) 'സാംസ്കാരിക സമന്വയത്തിലൂടെ വളർന്നു വന്ന ബുദ്ധമതം സ്വാഭാവികമായും 'ശിക്ഷ' എന്ന കാഴ്ചപ്പാടിനോട് എതിരാണ്. വൈകല്യത്തെ ശിക്ഷയായി കണക്കാക്കുന്നത് കുറ്റപ്പെടുത്തലായി വിലയിരുത്തുന്നു' (റിൻപോച്ചെ, 2005). എന്നിരുന്നാലും ഭിന്നശേഷിക്കാരാവുകയെന്നാൽ കർമ്മദോഷത്തിന്റെ ഭാഗമാണെന്ന് ബുദ്ധമതക്കാർ വിശ്വസിച്ചു. മനുഷ്യന്റെ പരിമിതിയുടെ/ദുർബലതയുടെ മൂല്യവും അന്തസത്തയും സാധ്യതയും സൂക്ഷ്മതയോടെ ഉൾക്കൊണ്ട മതമാണ് ബുദ്ധമതം. സ്വാതന്ത്ര്യം, ആശ്രിതത്വം, പരസ്പരാശ്രിതത്വം എന്നീ ആശയങ്ങൾ ഒരുപോലെ ഇവിടെ പ്രസക്തമാണ്. ആത്മനിഷ്ഠതയിലും പൂർണതയെയും അപൂർണതയെയും ഇത് പിന്തുണയ്ക്കുന്നു. വ്യക്തിപരമായ തലത്തിൽ, ഈ ബുദ്ധമത വീക്ഷണം വ്യക്തതയിലേക്കും വ്യക്തിഗത ഉന്നമനത്തിലേക്കും നയിക്കും.

ക്രിസ്തുവിന് മുൻപ് ആറാം നൂറ്റാണ്ടിൽ മഹാവീരൻ ജൈനമതത്തിനു രൂപം നൽകി ജൈനമതം അഹിംസ, അസത്യം, അസമത്വം തുടങ്ങിയവയിൽ നിന്നും, ബാഹ്യ ആഡംബരങ്ങളിൽ നിന്നും വിട്ടു നിൽക്കൽ ആവശ്യപ്പെടുന്നു ജൈനമതത്തിന്റെ വിശ്വാസഗ്രന്ഥം ബുദ്ധമതവും ജൈനമതവും ആരംഭിച്ചുകഴിഞ്ഞ ചരിത്രഘട്ടം നിലവിലുള്ള പാരമ്പര്യ മതങ്ങളുടെ ആചാരപരമായ പീഢനങ്ങളും ഭീഷണികളും ഏല്ക്കേണ്ടിവന്നിട്ടുണ്ട്. ധാർമ്മിക ചെറുത്തുനിൽപ്പുകളുടെ യുഗമായി ആവിഷ്കരിക്കപ്പെടുന്നു. ഇതൊരു 'പ്രതിഷേധത്തിന്റെ യുഗം' (An Age of Protest) ആയി കാണപ്പെടുന്നത് പുരാതന സംസ്കാരമേഖലയിൽ ഈ കാലഘട്ടത്തെ 'വലി

യ പാഷാണ്ഡ ഉപദേശങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും യുഗം' (An Age of Great Heresies) എന്നാണ് വിവക്ഷിച്ചിട്ടുള്ളത്. വേറിട്ട സാമൂഹ്യ മതനിർമ്മിതിയുടെ വ്യവഹാരങ്ങൾ ആയിരുന്നു ഈ മതങ്ങളുടെ അടിസ്ഥാനം. ജൈനമതം മുന്നോട്ടുവെക്കുന്നത് ആഴത്തിലുള്ള സദാചാര ധാർമിക നിയമമാണ് കർമനിയമം. ഈ ചിന്താധാരയിൽ വളരെ പ്രധാനമാണ് കർമനിയമം. ആത്മാവിനെ ബന്ധനത്തിൽ ആക്കുന്നതാണ് കർമ്മം. കർമ്മത്തെ ഇല്ലാതാക്കുന്നതിലൂടെയാണ് ആത്മാവിന് മുക്തി നേടുവാൻ കഴിയുന്നത്. 'മോക്ഷം സാധ്യമാകുന്നത് ത്രിരത്നങ്ങൾ ആർജിക്കുന്നതിലൂടെയാണ്. സമ്യക്ജ്ഞാനം, സമ്യക്ദർശനം, സമ്യക്ചരിതം എന്നിവയാണ് ത്രിരത്നങ്ങൾ. പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും മനസ്സുകൊണ്ടും ആത്മാവ് നേരിട്ടും ഗ്രഹിക്കുന്ന അവസ്ഥയിലൂടെയാണ് ഒരുവൻ ത്രിരത്നങ്ങൾ പ്രാപിക്കുന്നത്'. (വർഗീസ് ,2023) പഞ്ചേന്ദ്രിയങ്ങളുടെ കുറവോ അഭാവമോ മോക്ഷ പ്രാപ്തിക്കു തടസ്സമാകാം. ഭിന്നശേഷിയുടെ അദൃശ്യാവിഷ്കാരമാണ് ഈ കർമ്മ നിയമത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. ജൈനമതം മുന്നോട്ടുവെക്കുന്ന കർമസിദ്ധാന്തം മറ്റു മതങ്ങൾ മുറുകെ പിടിക്കുന്ന കർമ്മ പുനർജന്മ സിദ്ധാന്തങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്. ജൈനമതത്തിൽ കർമ്മം ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'ജൈന കർമ്മങ്ങൾ 158 എണ്ണം ഉണ്ട് .ആത്മാവിൽ ഉണ്ടാക്കുന്ന ഫലത്തിനനുസരിച്ച് അവയെ എട്ടായി തരം തിരിച്ചിട്ടുണ്ട് :അവയിലെ പ്രധാന കർമ്മമാണ് നാമ കർമ്മം. ഏത് ഗണത്തിൽ ജനിക്കണം എന്ന് നിർണയിക്കുന്ന കർമ്മമാണിത്. നരകജീവികൾ തിരിയുകൾ മനുഷ്യർ ദേവതകൾ ഇതിലേത് നിശ്ചയിക്കുന്നത് ഈ കർമ്മമാണ്. ശരീരഘടന നിർണയിക്കുന്നത് പോലും ഈ കർമ്മമാണ് ഉയരം, ആകൃതി, നിറം, ശബ്ദം, തുടങ്ങിയവയെല്ലാം തന്നെ പൂർവ്വ ജൻമങ്ങളിൽ നിന്ന് ആത്മാവിനോട് ചേർന്ന കർമ്മ പദാർത്ഥങ്ങളുടെ ഫലമാണ്. ഇത് നാമരൂപത്തെ നിശ്ചയിക്കുന്നു. ഇത് ആത്മാവുമായി സൂക്ഷ്മ ബന്ധത്തിൽ വരുന്നതിനാൽ ആത്മാവിനോട് ചേർന്ന് വ്യക്തിഭാവത്തെ ഉളവാക്കുന്നു'. (ibid, 2023) ഭിന്നശേഷിയുമായി ചേർത്തുവയ്ക്കാൻ കഴിയുന്ന കർമ്മമാണ് ഇത്.

ജൈനമതത്തിൽ എല്ലാ ഭിക്ഷുക്കളും വളർത്തിയെടുക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ 12 ഭാവനകളെ പറ്റി പറയുന്നു.ഇതിലെ ശൗചഭാവന ശരീരം അശുദ്ധമാണ് എന്ന് ആശയം മുന്നോട്ട് വെക്കുന്നു. മറ്റൊരു ഭാവനയായ ആസ്രവ ഭാവന കർമ്മപദാർത്ഥം ആത്മാവിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു എന്നും എല്ലാ

ശാരീരിക കഷ്ടതകളും ഈ കർമ്മപദാർത്ഥങ്ങളുടെ പ്രവാഹം മൂലമാണ് ഉളവാകുന്നത് എന്നും പരാമർശിക്കുന്നു. (ibid, 2023) ഭിന്നശേഷിയുടെ ആശയലോകത്തെ പരോക്ഷമായി അംഗീകരിക്കുന്ന ബോധ്യങ്ങളെ ഇവിടെ കാണാൻ സാധിക്കും. ജൈനമത ദാർശനിക ഗ്രന്ഥമായ തത്വാർത്ഥസൂത്രത്തിൽ അധ്യായം 1, സൂത്രം 2021: 'മുക്ത്യന്തരായായാസാധാരണശരീരതാ ദോഷാ?'

(Tattvartha Sutra 1.21) അർത്ഥം: മോക്ഷത്തിന് പ്രാപ്തിയില്ലാതാക്കുന്ന ചില ശരീരപരമായ/മാനസികമായ കുറവുകൾ ആത്മീയ അഭ്യാസങ്ങൾക്ക് തടസ്സമായി കാണപ്പെടുന്നു. ഇതിൽ ചില 'അന്തരായങ്ങൾ' (Antarayas) ബുദ്ധിമുട്ടുകൾ ആത്മീയ വളർച്ചയ്ക്ക് തടസ്സങ്ങളാകുന്നു എന്ന് സൂചിപ്പിക്കുന്നു. വിവേചനത്തിന്റെ അഭാവം (lack of discrimination) മാനസിക വൈകല്യം (mental disability) ശാരീരികമായ നിയന്ത്രണക്ഷമതയുടെ അഭാവം എന്നൊക്കെയാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഇവ തടസ്സങ്ങളാണു, പക്ഷെ ഈ അവസ്ഥ താത്കാലികവുമാണ്.

അധ്യായം 2, സൂത്രം 1011: 'ആത്മാ ജ്ഞാനദർശനശക്തിസുഖദുഃഖാനുഭവസ്വഭാവ?'

(Tattvartha Sutra 2.10) അർത്ഥം: ആത്മാവ് ജ്ഞാനം, ദർശനം (intuition), ആനന്ദം, ദു:ഖം എന്നിവ അനുഭവിക്കുന്ന ശേഷിയുള്ളതാണ്. അതായത്, ആത്മാവ് എല്ലാ ജീവികളിലും ഒരുപോലെയാണ് ഭിന്നശേഷിയുള്ളയാളുടേയും സാധാരണയാളുടേയും ആത്മാവ് ജ്ഞാനശേഷിയുള്ളതും മോക്ഷത്തിന് യോഗ്യവുമായതുമാണ്. (Umasvati. 1994) എല്ലാ ജീവികൾക്കും മോക്ഷം സാധ്യമാണ്

ജൈനദർശനത്തിൽ, ജൈവാത്മാവിന് (jiva) നല്ല കർമ്മം സമ്പാദിച്ച് മോക്ഷം നേടാം. തത്വാർത്ഥസൂത്രത്തിലെ 'ബന്ധം' (Bandha) എന്ന തത്വം വൈകല്യത്തെ (disability) യുമായി ബന്ധിപ്പിക്കാൻ സാധിക്കും. 'ബന്ധസ്തു കർമണോ ത്മന?'

(Tattvartha Sutra 8.1) അർത്ഥം: ആത്മാവിൽ കർമം ബന്ധപ്പെടുകയാണ് ബന്ധം.

ഇവിടെ കർമബന്ധം എന്ന് പറയുന്നത്, ആത്മാവിന്റെ ശുദ്ധതയെ മറക്കുന്ന ശാരീരികവും മാനസികവുമായ അവസ്ഥകളെ സൃഷ്ടിക്കുന്ന കർമങ്ങളാണ്. ജൈനമതത്തിൽ, ഓരോ ജീവനും അതിന്റെ മുൻ കർമ്മങ്ങളുടെ ഫലമായി ഭൗതികശരീരം, സുഖംദു:ഖം, രോഗം, വൈകല്യങ്ങൾ തുടങ്ങിയവ അനുഭവിക്കുന്നു. ശാരീരിക വൈകല്യങ്ങൾ (like blindness, paralysis) ജൈന കർമതത്വത്തിൽ

പ്രധാനമായും ശാരീരിക കർമങ്ങൾ (nama karma), വേദനീയ കർമങ്ങൾ (vedaniya karma) എന്നിവയുടെ ഫലമായി കാണപ്പെടുന്നു. ജൈനമതത്തിന്റെ കർമ്മവാദത്തിന്റെയും ആത്മതത്ത്വത്തിന്റെ ശരീരാവസ്ഥയ്ക്കു അതീതമായ ഒരു ദർശനമാണിത് . പൊതുബോധത്തെയും മുൻവിധികളെയും മതബോധത്തിന്റെ ആകകാമ്പിൽ ഒളിപ്പിച്ചിരിക്കുന്നു.

ഗുരുനാനാക്ക് (14691539) സ്ഥാപിച്ച മതമാണ് സിഖ്മതം. 10 ഗുരുക്കൻമാരുടെ ഉപദേശങ്ങളും ഗുരു ഗ്രന്ഥ് സാഹിബ് എന്ന വിശുദ്ധഗ്രന്ഥവുമാണ് മതാധിഷ്ഠിതമായിട്ടുള്ളത്. ഏകദൈവ വിശ്വാസം , സേവനം, സമത്വം, ധാർമ്മികത തുടങ്ങിയവ പ്രധാനമാണ്. ആഡംബരജീവിതം പൂർണമായും നിരസിക്കുന്ന മതമാണിത്. നിലവിലിരുന്ന ഹൈന്ദവ മുസ്ലീം മതബോധത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഒരു പുനർവായനയായിരുന്നു സിഖ്മതം. സിഖ് മതത്തിന്റെ പ്രധാനഗ്രന്ഥമായ ശ്രീ ഗുരു ഗ്രന്ഥ് സാഹിബ് (SGGS), മനുഷ്യരാശിയുടെ ഐക്യത്തെയും ദൈവത്തിന്റെ അതിരുകളില്ലാത്ത അനുകമ്പയെയും ആവർത്തിച്ചുയർത്തുന്ന ആത്മീയരചനയാണ്. ഓരോ മനുഷ്യനും ദിവ്യജ്യോതിയുടെ (jot) അവതാരമാകുന്നുവെന്ന് ഈ ഗ്രന്ഥം പ്രഖ്യാപിക്കുന്നു. ഈ ഗ്രന്ഥം ഭക്തിഗാനങ്ങളുടെയും ആത്മീയ സന്ദേശങ്ങളുടെയും സമാഹാരമായാണ് രൂപം കൊണ്ടിരിക്കുന്നത്. എന്നാലും ഭിന്നശേഷിയെ കുറിക്കുന്ന ചില പദങ്ങൾ വിശേഷാർത്ഥത്തിൽ ഇംതിൽ ഉപയോഗിച്ചിട്ടുണ്ട്. ചില ശബ്ദങ്ങൾ വൈകല്യത്തെ ഉപമകളായി ഉപയോഗിക്കുന്നു. അന്ധൻ (spiritual blindness), കേൾവിയില്ലായ്മ, മുടന്ത് തുടങ്ങിയ പദങ്ങൾ ആത്മീയ അജ്ഞതയെ സൂചിപ്പിക്കാൻ ഉപമാപ്രയോഗങ്ങളായി ഉപയോഗിക്കുന്നു. പദവി, വരുമാനം, ശാരീരികശേഷി എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിഭജനം തള്ളിക്കളയുകയും, ഓരോ വ്യക്തിക്കും ആത്മികമായ ബഹുമാനം അർഹമാണെന്ന് ഇതിലെ സ്തുതിഗീതങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, വിശുദ്ധനായ ഷെയ്ഖ് ഫരീദ് പ്രഖ്യാപിക്കുന്നു 'സ്രഷ്ടാവ് തൻറെ സൃഷ്ടിയിൽ വസിക്കുന്നു... അവനില്ലാതെ ആരുമില്ലെങ്കിൽ നമുക്ക് ആരെ അയോഗ്യൻ എന്ന് വിളിക്കാൻ കഴിയും? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വാഹെഗുരു (ഏക ദൈവം) എല്ലാ ജീവികളിലും തുല്യനാണ്, അതിനാൽ ആരും അന്തർലീനമായി 'താഴ്ന്നവരോ' 'അശുദ്ധരോ' അല്ല. അതുപോലെ, ആരെയും അപകീർത്തിപ്പെടുത്തുകയോ വേദനിപ്പിക്കുകയോ ചെയ്യരുതെന്ന് എസ്ജിജിഎസ് സിഖുകാരോട് അഭ്യർത്ഥിക്കുന്നു 'ആരോടും ഒരു മോശം വാക്ക് പോലും

പറയരുത്... ആരുടെയും ഹൃദയം തകർക്കരുത്; ഓരോ ഹൃദയവും വിലമതിക്കാനാവാത്ത രത്നമാണ്. ഓരോ വ്യക്തിയുടെയും അന്തസ്സ് മാനിക്കപ്പെടേണ്ടതാണെന്ന് ഈ വരികൾ വ്യക്തമാക്കുന്നു. 'മനുഷ്യർ എല്ലാം ഒരേ മനുഷ്യജാതിയിലാണെന്ന് തിരിച്ചറിയുക, ആരുടെയെങ്കിലും ഹൃദയം തകർക്കരുത് ഹൃദയത്തിൽ ദൈവം വസിക്കുന്നു' (SGGS, Ang 611). (Singh,1997) സമത്വബോധമാണ് ഈ വരികളുടെ കേന്ദ്രാശയം . സാർവത്രിക അനുകമ്പ എല്ലാ സൃഷ്ടികളോടും ദൈവത്തിന്റെ സ്നേഹത്തെ തിരുവെഴുത്ത് പ്രശംസിക്കുന്നു.

സിഖ് ചിന്തയിൽ, ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവർ പോലും (ഉദാഹരണത്തിന്, ഒരു കുഷ്ഠരോഗിയോ യാചകനോ ഭിന്നശേഷിക്കാരനോ) മറ്റെല്ലാവരെയും പോലെ അതേ ദിവ്യാഗ്നി വഹിക്കുന്നു, ദൈവകൃപ അവരെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. 'ഭിന്നശേഷിയെക്കുറിച്ച് ഗുരുക്കന്മാർ പരാമർശിച്ചപ്പോൾ അവർ സംസാരിച്ചത് ശരീരത്തിന്റെ ശാരീരിക വൈകല്യങ്ങളേക്കാൾ മനസ്സിനും ആത്മാവിനും ഉള്ള വൈകല്യത്തെക്കുറിച്ചാണ്'. ഉദാഹരണത്തിന്, 'അന്ധർ' എന്നത് 'ആത്മാവിന്റെ സാർവത്രികത കാണാത്തവർ' എന്നും 'മറ്റുള്ളവർക്കായി നല്ല കാര്യങ്ങൾ ചെയ്യാൻ ധൈര്യമില്ലാത്തവർ' എന്നാണ് പറയപ്പെടുന്നത്. സിഖ് പഠിപ്പിക്കലിൽ, ഒരാളുടെ യഥാർത്ഥ മൂല്യം അളക്കുന്നത് ശാരീരികാവസ്ഥയിലല്ല, സദ്ഗുണത്തിലും സ്നേഹത്തിലുമാണ്. ഈ ആന്തരിക അന്ധത (ദൈവനാമം മുതലായവയെക്കുറിച്ചുള്ള ധ്യാനത്തിലൂടെ) സുഖപ്പെടുത്തുന്നതിന് ദൈവം ആത്മീയ 'പ്രകാശവും' മാർഗനിർദേശവും നൽകുന്നുവെന്ന് ഗുരു ഗ്രന്ഥ് സാഹിബ് ഊന്നിപ്പറയുന്നു. അതിനാൽ ഗുരുവാക്യം സൂചിപ്പിക്കുന്നത് ഒരു വ്യക്തിക്ക് ചില ശാരീരിക കഴിവുകൾ ഇല്ലെങ്കിലും, താഴ്മയും സേവനവും നിരസിക്കുന്നത് മാത്രമാണ് അവരെ 'ആത്മീയമായി ദുർബലരാക്കുന്നത്'. 'എല്ലാ ജീവജാലങ്ങളും ഒരു പൊതു സ്രോതസ്സിൽ നിന്നാണ് വരുന്നത്' എന്ന് ഒരു ഭാഗം നിരീക്ഷിക്കുകയും 'ഇന്ന് ആരോഗ്യവും കൈകാലുകളും ഉള്ളവർക്ക് നാളെ അവ ഉണ്ടാകണമെന്നില്ല' എന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരായ ആരെയും ഭിന്നിപ്പിക്കുകയോ തരംതാഴ്ത്തുകയോ ചെയ്യാതെ സഹാനുഭൂതിയും പിന്തുണയും കാണിക്കാൻ ഇത് സിഖുകാരെ പഠിപ്പിക്കുന്നു.

ഗുരു നാനാക്കിന്റെ ജീവിതത്തിൽ പുറത്താക്കപ്പെട്ടവരെ സഹായിച്ചതിന്റെ കഥകൾ ഉൾപ്പെടുന്നു. ഗുരു നാനാക്കിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നത് പരിഷ്കൃതമായ ഒരു മനുഷ്യവാദമാണ്. ജാ

തി, ലിംഗം, മതം, സാമ്പത്തിക നില, ഭിന്നശേഷി, തുടങ്ങിയവയൊന്നുമല്ല ആത്മീയതയ്ക്ക് അർഹത നിർണ്ണയിക്കുന്നത്. അദ്ദേഹം പുറന്തള്ളപ്പെട്ടവരോട് കരം നീട്ടിയത് സിഖ് മതത്തിലെ ഏറ്റവും അടിസ്ഥാനപരമായ ആശയമായ (സകലരുടെയും മംഗളം എന്നതിന്റെ പ്രായോഗിക തലമാണ്. അദ്ദേഹത്തിന്റെ ദയാവായ്പിനാൽ ഭിന്നശേഷിക്കാരും, കവർച്ചക്കാരും കുഷ്ഠരോഗികളും പോലും ഉയർത്തപ്പെട്ടതായി പാരമ്പര്യം വിവരിക്കുന്നു. ദുരിതമനുഭവിക്കുന്നവരെ സേവിക്കുക എന്നത് ദൈവത്തിനുള്ള സേവനമാണെന്ന എസ്. ജി. ജി. എസ് സന്ദേശമാണ് ഈ കഥകൾ പ്രതിഫലിപ്പിക്കുന്നത്. ഇത്തരം കഥകളിലെ അർത്ഥങ്ങൾ സ്ഥിരമായി നിലനിൽക്കുന്നതോ എല്ലാവരാലും അംഗീകരിക്കപ്പെടുന്നതോ അല്ല, മറിച്ച് സമൂഹങ്ങൾ മാറുന്നതിനനുസരിച്ചും പുതിയ ദർശനങ്ങൾ ഉയർന്നുവരുന്നതിനനുസരിച്ചും നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ഭിന്നശേഷി തലത്തിൽ ഈ അർത്ഥങ്ങൾ പരിഗണിക്കപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട മനോഭാവങ്ങളും വിശ്വാസങ്ങളും സാംസ്കാരികവും ചരിത്രപരവുമായ ഘടകങ്ങളാൽ രൂപപ്പെടുത്തപ്പെടുത്തുകയും ചെയ്യുന്നു. സമൂഹ്യനിർമ്മിതിയുടെ ഉദാഹരണമാണിത്.

ചുരുക്കത്തിൽ, ഗുരു ഗ്രന്ഥ സാഹിബിന്റെ ജ്ഞാനം ഭിന്നശേഷിയുള്ളവർ ഉൾപ്പെടെ എല്ലാവർക്കും സമത്വവും സഹാനുഭൂതിയും നിർബന്ധിക്കുന്നു. 'ഭിന്നശേഷി' നിർവചിക്കുന്നത് ഒരു ശാരീരിക അവസ്ഥയായിട്ടല്ല, സ്നേഹത്തിന്റേയോ ധാരണയുടെയോ അഭാവമാണ് എന്നു സിഖുമാതം പഠിപ്പിക്കുന്നു. ഓരോ മനുഷ്യനും അന്തസ്സും പരിചരണവും അർഹിക്കുന്ന 'അതേ വലിയ പ്രകാശത്തിന്റെ ചെറിയ വിളക്ക്' (That same great light) ആയി കണക്കാക്കപ്പെടുന്നു. ദൈവകൃപയും കരുണയും 'എല്ലാവർക്കും ഒരുപോലെ ഒഴുകുന്നു' എന്ന് പഠിപ്പിക്കുന്നതിലൂടെ, ഒരു വ്യക്തിയുടെ കഴിവുകളോ സാമൂഹിക മുദ്രകളോ പരിഗണിക്കാതെ സിഖുകാർ നിരുപാധികമായി ബഹുമാനവും പിന്തുണയും നൽകണമെന്ന് തിരുവെഴുത്ത് നിർബന്ധിക്കുന്നു. ഈ രീതിയിൽ, ഉൾക്കൊള്ളുന്നതും അനുകമ്പയുള്ളതുമായ സാമൂഹിക ജീവിതത്തിന് സഹായിക്കുന്ന ഉപദേശങ്ങളാലും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള സാമൂഹിക വിവേചനത്തിനെതിരെയുള്ള ആശയങ്ങൾ കൊണ്ടും ഗുരു ഗ്രന്ഥ് സാഹിബ് ആഴവും പരപ്പുമുള്ളള്ള മതഗ്രന്ഥമായി അറിയപ്പെടുന്നു. സർവമാനവത്വം, സമത്വം, ദാസഭാവം എന്നിവ ആധാരമാക്കിയ സിഖ് മതം ഭിന്നശേഷിക്കാരെ ദൈവ സൃഷ്ടികളുടെ ഭാഗമായി കാണുന്നു. ഭാരതത്തിൽ രൂപംകൊണ്ട മതങ്ങളിൽ ഏറ്റവും അവസാന

ത്തോതാണ് സിഖുമതം. വിഗ്രഹാരാധനയെയും ബഹുദൈവാരാധനയെയും, തീർഥയാത്രകളെയും സന്യാസത്തെയും ജാതിവ്യവസ്ഥയെയും നിഷേധിച്ചുകൊണ്ട് ഏകദൈവവിശ്വാസത്തിൽ ചിട്ടപ്പെടുത്തിയ ഒരു മതമാണിത്. മനുഷ്യ സാഹോദര്യത്തിൽ അധിഷ്ഠിതമായി, പീഡനങ്ങളുടെയും അടിച്ചമർത്തലുകളുടെയും മദ്ധ്യേ കരുത്തു പ്രാപിച്ച മത സാമൂഹിക, രാഷ്ട്രീയ ശക്തിയായി വളർന്നു വന്ന ഒരു മതമാണിത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ടു പുതിയ ശീലങ്ങളെയും വ്യവഹാരങ്ങളെയും വിശ്വാസാവിഷ്കാരങ്ങളെയും സാമൂഹിക ബന്ധകല്പനകളെയും ചിട്ടപ്പെടുത്താൻ സിഖ്മതത്തിന് കഴിഞ്ഞു.

മുഖ്യധാരാ മതങ്ങളിൽ ഗണനീയ വിഭാഗമാണ് ക്രിസ്തുമതം. ക്രിസ്തുമതം (Christianity) ഒരു ഏകദൈവ വിശ്വാസം ആധാരമാക്കിയ ആഗോള മതം ആണ്. യഹൂദ മതപരമ്പരയുടെ പശ്ചാത്തലത്തിൽ ക്രിസ്തുവിനു ശേഷമുള്ള ആദ്യ നൂറ്റാണ്ടിലാണിത് ഉദയം ചെയ്തത്. യേശുക്രിസ്തുവിനെ ദൈവപുത്രനായും ലോകരക്ഷകനായും വിശ്വസിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ക്രിസ്ത്യാനികളുടെ ആധികാരിക മതഗ്രന്ഥമാണ് ബൈബിൾ, അതായത് സത്യവേദപുസ്തകം. മതവിശ്വാസത്തിന്റെയും ദൈവബന്ധത്തിന്റെയും രേഖപ്പെടുത്തലാണ് ബൈബിൾ. ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും വിശുദ്ധ ഗ്രന്ഥമായെങ്കിലും, യഹൂദർ ബൈബിളിന്റെ പഴയനിയമം മാത്രമാണ് സ്വീകരിക്കുന്നത്, അതേസമയം ക്രിസ്ത്യാനികൾ പഴയ നിയമവും പുതിയ നിയമവും ഉൾപ്പെടുത്തിയിരിക്കുന്നു (Neusner, 2006). ഭിന്നശേഷിയുമായി ബന്ധപ്പെട്ടുള്ള ദൈവിക വിധിന്യായങ്ങളും വിശ്വാസ പാരമ്പര്യങ്ങളും ഉൾചേർന്നു പ്രതിഫലിച്ചിരിക്കുന്ന പുസ്തകമാണ് ബൈബിൾ.

ബൈബിളിലെ പഴയനിയമം ക്രിസ്തുമത ദൈവശാസ്ത്രത്തിലെ ഭിന്നശേഷിയുള്ളവരോടുള്ള സമീപനം ദൈവികവിധിയെന്ന നിലയിലാണ് ചിത്രീകരിക്കുന്നത്. ഭിന്നശേഷി പലപ്പോഴും പാപത്തിനുള്ള ദൈവശിക്ഷയായി, അനുസരണക്കേടിനുള്ള ദൈവിക പ്രതികരണമായി, ദൈവകോപത്തിന്റെ പരിണിതഫലമായി കാണപ്പെടുന്നു. (ലേവ്യപുസ്തകം 21)പഴയനിയമത്തിലെ ചില എഴുത്തുകളിൽ ഭിന്നശേഷിയുള്ളവരെ പുറത്താക്കുകയും അവരെ സാമൂഹ്യ ബന്ധങ്ങളിൽ നിന്നു അകറ്റുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ലേവ്യപുസ്തകത്തിൽ പുരോഹിതനാകുന്നവർക്ക് ശാരീരിക പരിമിതികളില്ലാതിരിക്കണമെന്നത് കൃത്യമായി പറയുന്നു. 'അംഗഹീനനായ യാതൊരുത്തനും അടുത്തുവരരുതു... അവൻ എന്റെ

വിശുദ്ധസാധനങ്ങളെ അശുദ്ധമാക്കരുതു' (ലേവ്യപുസ്തകം 21:17 23). 2 ശമൂവേൽ 19:2428 ൽ, ദാവീദിന്റെ ദാസനായ സിബ ശാരീരിക വൈകല്യമുള്ള മെഫിബോഷെത്തിനെ ദാവീദിനോടൊപ്പം യാത്രചെയ്യുന്നതിൽ നിന്നും വിലക്കുന്നു. ദാനിയേൽ 1:34 ൽ രാജസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഭൗതിക പരിപൂർണ്ണത ആവശ്യമായതിനാൽ ഭിന്നശേഷിക്കാരെ പൂർണമായും ഒഴിവാക്കുന്നു. ഇതെല്ലാം ഭിന്നശേഷിയുള്ളവരെ സാമൂഹ്യപരമായി അയോഗ്യരായി കാണുന്ന ഒരു സാമൂഹ്യ നിർമ്മിതിയുടെ കണ്ണിലൂടെ കാണാൻ കഴിയും.

പഴയനിയമം അനുസരിച്ച്, ഭിന്നശേഷി ദൈവത്തിൻറെ ശാപമെന്നോ ദൈവവചനങ്ങളെ അവഗണിച്ചതിന്റെ ഫലമെന്നോ ആണ് ചിത്രീകരിക്കപ്പെടുന്നത്. 'അംഗഹീനനായ യാതൊരുത്തനും അടുത്തു വരരുതു; കുരുടൻ, മുടന്തൻ, പതിമൂക്കൻ, അധികാംഗൻ, കാലൊടിഞ്ഞവൻ, കയ്യൊടിഞ്ഞവൻ, കൂനൻ, മുണ്ടൻ, പൂക്കണ്ണുൻ, ചൊറിയൻ, പൊരിച്ചുണങ്ങൻ, ഷണ്ഡൻ (ലേവ്യപുസ്തകം 21:1820) എന്നിങ്ങനെയുള്ളവരും അരുതു. എങ്കിലും തിരശ്ശീലയുടെ അടുക്കൽ ചെല്ലുകയും യാഗപീഠത്തിങ്കൽ അടുത്തുവരികയും അരുതു; അവൻ അംഗഹീനനല്ലോ; അവൻ എന്റെ വിശുദ്ധസാധനങ്ങളെ അശുദ്ധമാക്കരുതു; ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.(23) ദൈവവചനങ്ങൾ അവഗണിക്കുന്നതിന്റെ ഫലമായി രോഗങ്ങളും അന്ധതയും അടക്കമുള്ള ശിക്ഷകൾ എത്തുമെന്ന് സൂചിപ്പിക്കുന്നു.

ആശയപരമായി ഭിന്നശേഷിയുള്ളവരെ എതിരാളികളായും ശുദ്ധതയ്ക്കും വിശുദ്ധതയ്ക്കുമുള്ള ഭീഷണിയായും കാണുന്ന മനോഭാവം പഴയനിയമപുസ്തകങ്ങളിൽ വ്യാപകമായി കാണാം. സെഖര്യാവു 11:17 ൽ, 'ഇടയനെ ശപിച്ചു, അവന്റെ വലതുകണ്ണ് അന്ധമായിരിക്കട്ടെ' എന്നത് പോലെ, കാഴ്ചവൈകല്യത്തെ ദൈവിക ശിക്ഷയായി വരച്ചുകാണിക്കുന്നു. സെഫന്യാവു 1:17 ൽ, 'അവർ അന്ധന്മാരെപ്പോലെ നടക്കും' എന്ന പ്രയോഗം അന്ധതയെ പാപഫലമായി പ്രതിനിധീകരിക്കുന്നു. ഇതുവരെ കണ്ട പല ഉദാഹരണങ്ങളിലും, ഭിന്നശേഷിയെ ആശയപരമായ പ്രതിസന്ധിയെന്നതിലുമുപരി ആത്മീകതത്വചിന്താത്മകമായി ദൈവികമായി ചിത്രീകരിക്കുകയാണ് പഴയനിയമം ചെയ്യുന്നത് (Avalos, 1995). ഈ രീതിയിൽ ഭിന്നശേഷിയുള്ളവരെ സമൂഹത്തിൽ നിന്നു അവഗണിക്കുകയും മനപ്പൂർവം ഒഴിവാക്കുകയും ചെയ്യുന്നു. ഇത്തരം ഭിന്നശേഷി സ്വത്വങ്ങൾ ഒരു സാമൂഹ്യ യഥാർഥ്യമാണെന്നും ഒരു സ്വതത്തെയും അ

തിൽ നിന്നു വേർതിരിക്കാനാകില്ല എന്നും തിരിച്ചറിയേണ്ടതുണ്ട്. ഇങ്ങനെ പഴയനിയമ ഗ്രന്ഥങ്ങൾ, ഭിന്നശേഷിയെ പലപ്പോഴും ദൈവത്തിന്റെ ക്രോധം, ശാപം, പാപഫലം എന്നീ പ്രതീകങ്ങളിലൂടെ പ്രതിനിധീകരിക്കുന്നു. എന്നാൽ ഇതേ കാലഘട്ടത്തിൽ തന്നെ ദൈവിക സഹായത്തിന്റെയും കരുണയുടെയും ഉദാഹരണങ്ങളും ആധികാരിക പാഠങ്ങളിലുണ്ട്, എന്നത് ഈ വിഷയത്തിലെ അടയാളാത്മകതയുടെ അനന്തരംത്വത്തെ കാണിക്കുന്നു. അതായത്, ഇതിലെ ധാരാളം പാഠങ്ങൾ ഭിന്നശേഷിക്കാരെ നിഷ്ക്രിയരാക്കുന്നതിനൊപ്പം, ചിലത് അവരെ ദൈവിക ഇടപെടലിന്റെ ഉപാധികളായും കരുതുന്നു രണ്ട് ധാരണകളും സഹവർത്തിത്വത്തിലുണ്ട് (Bruckner, 2003). പഴയനിയമത്തിലെ യഹോവ എന്ന ദൈവസങ്കൽപ്പത്തിൽ നിന്ന് പുതിയനിയമത്തിലെ യേശുവിലേക്കുള്ള സഞ്ചാരത്തിൽ, ഭിന്നശേഷിക്കുള്ള സമീപനം ഗൗരവമുള്ള യുക്തിപൂർവതയിലേക്കും സാമൂഹ്യനിർമ്മിതമായ ധാരണകളിലേക്കുമാണ് മാറുന്നത്. പഴയനിയമത്തിൽ പാപത്തിന്റെയും ശിക്ഷയുടെയും പ്രതീകമായി വ്യാഖ്യാനിക്കപ്പെട്ടിരുന്ന ഭിന്നശേഷി, പുതിയനിയമത്തിൽ സമ്പൂർണ്ണമായ ഒരു മാറ്റത്തിനാണ് വിധേയമാകുന്നത് (Yong, 2007). പുതിയനിയമത്തിലെ യേശു ഭിന്നശേഷിയുള്ളവരെ സമൂഹത്തിൽ സമഗ്രമായി ഉൾപ്പെടുത്തി, സമ്പൂർണ്ണ രോഗമുക്തി നൽകുകയും, അവരെ ദൈവാനുഗ്രഹത്തിന്റെ അടിസ്ഥാന ഭാഗമാക്കി മാറ്റുകയും ചെയ്യുന്നു. സമൂഹം ശപിച്ചവരായി കരുതിയവരെ യേശു ചേർത്തുനിർത്തുന്നു. ഉദാഹരണമായി, യോഹന്നാൻ 9ൽ യേശു പിറവിയിൽ കുരുടനായി ജനിച്ച ഒരാളെ സുഖപ്പെടുത്തുന്നതിന്റെ പശ്ചാത്തലത്തിൽ, ഈ വൈകല്യം പാപത്തിന്റെ ഫലമല്ല, മറിച്ച് ദൈവകാരുണ്യം വെളിപ്പെടുത്തുന്നതിനായാണ് എന്നാണ് യേശു വിശദീകരിക്കുന്നത് (Bible, John 9:13).

ബെഥെസ്തയുടെ കുളത്തിങ്കൽ കിടന്നിരുന്ന ഒരാളെ സുഖപ്പെടുത്തി യേശു പറയുന്നു: ‘പാപം ചെയ്യാതിരിക്കുക, ഇല്ലെങ്കിൽ നിനക്ക് അതിലും തിന്മയായത് സംഭവിക്കാം’. ഈ വാക്കുകൾ വഴിയേ, ഭിന്നശേഷിയും ചിലപ്പോൾ ജീവിതചര്യകളിലുണ്ടാകുന്ന തെറ്റുകളും തമ്മിൽ ബന്ധപ്പെടുന്നുവെന്ന് സൂചന ലഭിക്കുന്നു (Bible, John 5:14). പാപത്തിന്റെ ശിക്ഷ എന്ന നിലയിലുള്ള വൈകല്യത്തിന്റെ ദർശനം പിന്നെയും മർക്കോസ് 2:112, മത്തായി 9:18 എന്നിവയിലും പ്രത്യക്ഷപ്പെടുന്നു. എന്നാൽ, പുതിയനിയമം വൈകല്യത്തിനുള്ള വൈവിധ്യമാർന്ന വിശദീകരണങ്ങളിലേക്ക് നീങ്ങുന്നുപിശാച്, ആത്മാവ്, അശുദ്ധാത്മാക്കൾ എന്നിവ (Mark 9:17; Matthew 12:22)

കാരണവും ഭിന്നശേഷി ഉണ്ടാകാം എന്ന സൂചനയാണ് ഇവിടെ നല്കുന്നത്.

ഇതുവരെ വൈകല്യത്തെ പാപത്തിന്റെ ഫലമെന്ന ചിന്തയിൽ നിന്നായിരുന്നു സമൂഹദർശനം. എന്നാൽ യേശു ഈ മാതൃക പൂർണ്ണമായി പുനർനിർവചിക്കുന്നു. 'കുരുടൻ കാഴ്ചനേടുന്നു, മുടന്തൻ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാകുന്നു...' എന്ന യേശുവിന്റെ പ്രസംഗങ്ങൾ (Luke 7:22; Matthew 11:4), വൈകല്യത്തെ ദൈവിക രഹസ്യങ്ങളായി കാണിക്കാതെ, പരിഹാരയോഗ്യമായ സാമൂഹിക സാഹചര്യങ്ങളായി, ജീവിതാവസ്ഥയായി കാണാൻ പഠിപ്പിക്കുന്നു. നാൻസി ഐസ്ലാന്റ് (Eiesland, 1994) തന്റെ പ്രശസ്ത കൃതിയായ The Disabled God എന്നതിൽ, യേശുവിന്റെ പുനരുത്ഥാനശരീരത്തിൽപോലും വൈകല്യത്തിന്റെ അടയാളങ്ങൾ നിലനില്ക്കുന്നതിലൂടെ ഒരു 'വികലമായ ദൈവം' എന്ന ആശയം ഉയർത്തിക്കാണിക്കുന്നു. സാമൂഹ്യപരിവർത്തനത്തിനും ക്രിസ്റ്റോളജിക്കും ഇടയിൽ അവൾ സ്ഥാപിക്കുന്ന ബന്ധം ദൈവശാസ്ത്രത്തിൽ ഭിന്നശേഷിയുടെ സംവാദം എത്രമാത്രം വിപ്ലവപരമാണെന്ന് കാണിക്കുന്നു. വൈകല്യത്തെ മറികടക്കേണ്ട പ്രതിസന്ധിയായി അല്ല, അതിജീവിക്കാവുന്ന, ദൈവികമായി അർത്ഥവത്തായ അനുഭവമായി യേശു അവതരിപ്പിക്കുന്നു. ഫിലിപ്പിയർ 2:68ൽ വിശദീകരിക്കുന്നവണ്ണം, ദൈവം മനുഷ്യരായി അവതരിക്കുകയും, ദാസരൂപം എടുക്കുകയും, സ്വയം താഴ്ത്തുകയും ചെയ്തതിലൂടെ, മനുഷ്യരുടെ ബലഹീനതയിൽ യേശുവിന്റെ പങ്കാളിത്തം ദൈവശാസ്ത്രപരമായി ശാസിപ്പിക്കപ്പെടുന്നു (Bible, Philippians 2:68). ഇതിന്റെ തുടർഭാഗം, എബ്രായർ 4:15 പോലെ വചനങ്ങളിൽ നിന്ന് വ്യക്തമാകുന്നുയേശു നമ്മെപോലെ സർവ്വമായി പരീക്ഷിക്കപ്പെട്ടുവെങ്കിലും പാപരഹിതനാണ്. അതുകൊണ്ടുതന്നെ, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളാനും അവരുമായി ആത്മബന്ധം പുലർത്താനും യേശുവിനുള്ള കഴിവ് ദൈവികമായ ഒരു സംവേദനമായി രൂപപ്പെടുന്നു. ഭിന്നശേഷിയുള്ളവരുടെ സാമൂഹിക വത്കരണത്തിനും അവർക്കുള്ള ആത്മീയ പുരോഗതിക്കും യേശുവിന്റെ കാഴ്ചപ്പാടുകൾ നവനിർമ്മിതിക്ക് രൂപം നല്കുന്നു. സാമൂഹികമായും ആധ്യാത്മികമായും വിഭജിച്ചിട്ടുള്ളവരെയെല്ലാം യേശു ചേർത്തുനിർത്തുന്നു. (Mark v 1:40,42, Matthew 8:513) പോലുള്ള ഭാഗങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. മനുഷ്യശരീരത്തിന്റെ ദുർബലതയിൽ ദൈവത്തിന്റെ ശക്തി വെളിപ്പെടുന്നു (2 Corinthians 12:9). ഇത്തരം ദൈവശാസ്ത്രം, ദൈവത്തെ തകർന്ന ശരീരങ്ങളിലൂടെയും വൈകല്യങ്ങളിലൂടെയും പ്ര

വർത്തിക്കുന്ന ദൈവമായി അവതരിപ്പിക്കുന്നു. സമൂഹം തള്ളിക്കളഞ്ഞവരിൽ നിന്നും ക്രിസ്തു തന്റെ ദൈവരാജ്യം നിർമ്മിക്കുന്നു (Matthew 25:40). ലേണാർഡ് ഡേവിസിന്റെ നോർമൽസിയുടെ നവനിർമ്മിതി ഇവിടെ കാണാം. ഒരു സമൂഹത്തിൽ അംഗീകരിക്കപ്പെട്ട സാമൂഹിക മാനദണ്ഡങ്ങളോടും സ്ഥിതിവിവരശാസ്ത്രപരമായ (Statistical) ശരാശരികളോടും യോജിക്കുന്ന അവസ്ഥയായ സാധാരണത്വത്തെ (Normalcy) വിശാലമായ വീക്ഷണകോണിലൂടെ ദർശിക്കുവാൻ ക്രിസ്തു ദർശനത്തിന് സാധിക്കുന്നുണ്ട്.

യേശുവിലൂടെ ഒരു പുതിയ മാതൃകയും ഭിന്നശേഷിയെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണവുമാണ് പുതിയ നിയമ ദൈവശാസ്ത്രം വിനിമയം ചെയ്യപ്പെടുന്നത്. തന്റെ ശുശ്രൂഷയിലൂടനിളം, ഭിന്നശേഷിക്കാരോട് ഇടപഴകാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവർക്ക് ഒരു വിമോചന സുവിശേഷമായും സ്നേഹ സേവനമായും യേശു മാറുന്നു. വൈകല്യങ്ങളെ സാധാരണ നിലയിലേക്ക് പരിവർത്തനം ചെയ്യാനുള്ള കഴിവ് യേശുവിനുണ്ടെങ്കിലും, വൈകല്യത്തെക്കുറിച്ചുള്ള ആശയപ്രപഞ്ചത്തിൽ, 'വൈകല്യം മറികടക്കാൻ കഴിയുന്ന ഒരു വെല്ലുവിളിയായാണ്; പ്രതിസന്ധിയല്ല' എന്ന സന്ദേശമുണ്ട് . യേശു ഒരു മാതൃകയായി ഭിന്നശേഷിക്കാരും അല്ലാത്തവരും തമ്മിലുള്ള ഒഴിവാക്കലിന്റെ അവഗണനയുടെ വിടവുകൾ ഇല്ലാതാക്കുന്നു, എല്ലാവരും തുല്യ പരിഗണന അർഹിക്കുന്ന ദൈവമക്കളാണെന്ന് ജീവിതത്തിലൂടെ കാണിച്ചുതരുന്നു. അത്തരമൊരു മാതൃക സ്വീകരിക്കുന്നത് അർത്ഥമാക്കുന്നത് അവരുടെ വൈകല്യത്തെ അടിസ്ഥാനമാക്കി വിവേചനവും പാർശ്വവൽക്കരണവും നേരിടേണ്ടി വരില്ല എന്നാണ്. ഭിന്നശേഷി സമൂഹത്തിനെ ആഴങ്ങളിൽ നിന്ന് ഉയർത്തുകയും യേശുക്രിസ്തു മുഖാന്തരം രക്ഷാദാനം വാഗ്ദാനം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കരോട് അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നതുൾപ്പെടെയുള്ള ദൈവികവും ധാർമ്മികവുമായ ജീവിതത്തിനുള്ള ഒരു മാതൃകയാണ് യേശുവിന്റെ ജീവിതം നൽകുന്നത്.

ഭിന്നശേഷിയുള്ളവരെ ദൈവിക വിധിയെന്ന നിലയിൽ ചിത്രീകരിക്കുന്ന പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പ്രവണതയിൽ സാമൂഹികവത്കരണത്തേയും, സ്വതബോധത്തിന്റെയും സാധാരണത്വത്തിന്റെയും നിർമ്മിതികൾ കാണാം. ഇത് മതനിലപാടുകളേയും, ധാർമ്മികതത്വചിന്താത്മക വിനിമയങ്ങളെയും പ്രതിസന്ധിയിലാക്കുന്നുണ്ട്. ദൈവശാസ്ത്രപരമായ പശ്ചാത്തല

ങ്ങൾ സാമൂഹിക നീതി, സാംസ്ക്കാരിക സമീപനം, ഇടപെടലുകൾ എന്നിവയിലേക്ക് ഒരു വിമോചനപഥം തുറക്കുന്നു. പുതിയനിയമത്തിലെ, ഭിന്നശേഷിക്കാരോടുള്ള ഒരു സമ്പൂർണ്ണമായ ദൈവികസാമീപ്യമാണ് യേശുവിലൂടെ പ്രതിനിധീകരിക്കപ്പെടുന്നത്. പുരാതന വിശ്വാസ ധാരണകളിൽ കുടുങ്ങിപ്പോയ നിർമ്മിതികളല്ല, മറിച്ച് സമൂഹപരമായ മാറ്റങ്ങളിലേക്കും പ്രതിരോധത്തിലേക്കും ക്ഷണിക്കുന്ന ദൈവശാസ്ത്രപരമായ ഒരു സമീപനമാണ്. പാപത്തിന്റെയും ശിക്ഷയുടെയും ആത്മീയ ആശയങ്ങളിൽ നിന്ന് ഒഴിഞ്ഞ്, ഭിന്നശേഷിയെ ദൈവികമായ പങ്കാളിത്തമായി കണക്കാക്കുന്ന ക്രിസ്തുവിന്റെ മാതൃക, പുതിയ നിയമം ഭിന്നശേഷിക്കാരെ ആത്മികതയുടെ നവലോകത്തിലേക്ക് കൂട്ടികൊണ്ടു കൊണ്ടുവരുന്നു.

ഇത് ഇന്ത്യയിലെ പ്രധാന മതങ്ങളിലെ ഭിന്നശേഷി സങ്കൽപ്പനങ്ങളെകുറിച്ചുള്ള പഠനമാണ്. ഇന്ത്യ മതപരമായി വൈവിധ്യപൂർണ്ണവും സമന്വയപരവുമായ രാജ്യമാണ്. ഭാരതത്തിന്റെ സാംസ്കാരിക ദർശനത്തിന്റെ ഹൃദയമാകുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം മതപരമായോ ഭാഷാപരമായോ ജാതിഭേദപരമായോ ആയ പലതരം വൈവിധ്യങ്ങൾക്കിടയിലും സഹവർത്തിത്തവും സമന്വയവും സഹവാസവും ഉറപ്പാക്കുന്നൊരു തത്വചിന്തയാണ്. വ്യത്യസ്ത മതങ്ങളുടെ മതജീവിതത്തെ അടയാളപ്പെടുത്തിയ വ്യവഹാരങ്ങളിലും വൈവിധ്യമാർന്ന കൂടിച്ചേരലിലും ഭാരതം ലോകരാജ്യങ്ങൾക്കു ഒരു മാതൃകയാണ്.

**ഉപസംഹാരം**

മതം ആത്മീയതയുടെ ഘടകം മാത്രമല്ല, സമൂഹത്തെ ഏകീകരിക്കുന്ന ഒരു സമൂഹപരമായ സംവിധാനവുമാണ്. അതിൽ ദൈവം, വിശ്വാസം തുടങ്ങിയ ആശയങ്ങൾ, യഥാർത്ഥത്തിൽ സമൂഹം തന്നെ പ്രതിനിധീകരിക്കുന്ന രൂപകങ്ങളാണ് അതിന്റെ വിശ്വാസങ്ങളെയും മൂല്യങ്ങളെയുംക്കുറിച്ചുള്ള അറിവുകൾ ദിവ്യമായ അവബോധമായി മതം തന്നെയാണ് രൂപപ്പെടുത്തുന്നത്. മതം ഒരു അന്വേഷണവും ആവിഷ്ക്കാരവും അനുഭവവുമാണ്. ഭിന്നശേഷിയുടെ കാരണം ദൈവമാണ് എന്ന സാമൂഹ്യനിർമ്മിതിയുടെ ബോധ്യങ്ങളാണ് ഭൂരിപക്ഷം മതങ്ങളും പിന്തുടരുന്നത്. ഭാരതത്തിലെ പ്രധാന മതങ്ങളുടെ ദാർശനികവും ആഖ്യാനപരവുമായ ഘടനകൾക്കുള്ളിൽ രൂപപ്പെട്ട ഭിന്നശേഷി (disability) എങ്ങനെ സാമൂഹികമായി നിർമ്മിക്കപ്പെട്ടു എന്നാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. ഹിന്ദുമതത്തിലെ പുരാണഇതിഹാസങ്ങളിലൂടെയും, ഇസ്

ലാം, ബുദ്ധമതം, ജൈനമതം, സിഖ്മതം, ക്രിസ്തുമതം എന്നിവയുടെ ഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായ നിലപാടുകളിലൂടെ ഭിന്നശേഷി ജീവിതാവസ്ഥ മാത്രമല്ലെന്നും, മറിച്ച് മതവിശ്വാസങ്ങൾ, കർമ്മസിദ്ധാന്തങ്ങൾ, ധാർമ്മികത, പാപശിക്ഷ ധാരണകൾ, സാമൂഹിക അധികാരബന്ധങ്ങൾ എന്നിവ ചേർന്നുണ്ടാക്കുന്ന ഒരു സാമൂഹ്യസാംസ്കാരിക നിർമ്മിതിയാണെന്നും മനസ്സിലാക്കാൻ കഴിയും.

ഹിന്ദുമതത്തിലെ രാമായണമഹാഭാരത ആഖ്യാനങ്ങൾ ഭിന്നശേഷിയെ കർമ്മഫലമായി, ധാർമ്മിക പ്രതീകമായി, സാമൂഹിക പാരശ്വവത്കരണത്തിന്റെ അടയാളമായി ചിത്രീകരിക്കുമ്പോൾ, ചില കഥാപാത്രങ്ങൾ ഭിന്നശേഷിയെ അതിജീവിക്കുന്ന ജ്ഞാനശക്തി പ്രതീകങ്ങളായി മാറുന്നു. ഇതിലൂടെ ഭിന്നശേഷി ഒരേസമയം അവമതിക്കപ്പെടുകയും മഹത്വവൽക്കരിക്കപ്പെടുകയും ചെയ്യുന്ന ദ്വന്ദ്വത്വം ഹിന്ദുമതവിശ്വാസങ്ങളിൽ കാണുന്നു. ഇസ്ലാം മതത്തിൽ ഖുർആനും ശരിഅത്തും ഭിന്നശേഷിക്കാർക്ക് ഇളവുകളും സംരക്ഷണവും നൽകുന്ന മാനവിക സമീപനം മുന്നോട്ടുവയ്ക്കുമ്പോഴും, സാമൂഹികസാംസ്കാരിക വ്യാഖ്യാനങ്ങളിൽ ഭിന്നശേഷി പാപത്തിന്റെയോ വിധിയുടെയോ ഫലമായുണ്ടാകുന്നതാണെന്നു പഠിപ്പിക്കുന്നു. ബുദ്ധമതവും ജൈനമതവും ഭിന്നശേഷിയെ കർമ്മദു:ഖ സിദ്ധാന്തങ്ങളുമായി ബന്ധിപ്പിക്കുന്നുവെങ്കിലും, ആത്മാവിന്റെ സമത്വവും മോക്ഷസാധ്യതയും എല്ലാ ജീവികൾക്കും ഒരുപോലെയാണെന്ന കാഴ്ചപ്പാടാണ് ഈ വിശ്വാസങ്ങൾ ഉയർത്തിപ്പിടിക്കുന്നത്.

സിഖ്മതം ഭിന്നശേഷിയെ ശാരീരിക കുറവായി കാണുന്നതിൽക്കാൾ ആത്മീയ അജ്ഞതയുടെ ഭാഗമായി വ്യാഖ്യാനിച്ചു.സമത്വം, സേവനം, സഹാനുഭൂതി എന്നിവയെ അടിസ്ഥാനമാക്കി പാർശ്വവത്കരിക്കപ്പെട്ടവരെ ഉൾക്കൊള്ളുന്ന നവ മതസാമൂഹിക മാതൃക മുന്നോട്ടുവയ്ക്കുകയും ചെയ്തു. ക്രിസ്തുമത ഗ്രന്ഥമായ ബൈബിളിലെ പഴയനിയമത്തിൽ പാപത്തിന്റെയും അനുസരണക്കേടിന്റെയും ശാപത്തിന്റെയും ഫലമായുണ്ടാകുന്ന അവസ്ഥയായി ഭിന്നശേഷിയെ അവതരിപ്പിക്കുന്നു. എന്നാൽ പുതിയനിയമത്തിൽ യേശുവിന്റെ ശുശ്രൂഷ ഭിന്നശേഷിയെ പാപശിക്ഷ എന്ന ചട്ടക്കൂടിൽ നിന്ന് മോചിപ്പിച്ച്, ദൈവിക കരുണയും സാമൂഹിക ഉൾക്കൊള്ളലും പ്രതിനിധീകരിക്കുന്ന പുതിയ ദൈവശാസ്ത്ര ദർശനത്തിലേക്ക് വഴിതുറക്കുന്നു.

ഭാരതത്തിലെ മതപരമ്പരകൾ ഭിന്നശേഷിയെ വ്യത്യസ്ത രീതികളിൽ സമീപിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ 'സാധാരണത്വം' (normalcy) എന്ന സാമൂഹിക മാനദണ്ഡം നിർമ്മിക്കുന്നതിലും അതിനെ ചോദ്യം ചെയ്യുന്നതിലും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഭിന്നശേഷിയെ വ്യക്തിഗത കുറവായി കാണുന്ന മതകേന്ദ്രിത വ്യാഖ്യാനങ്ങളിൽ നിന്ന് മാറി, അത് സാമൂഹിക നീതി, മാനവികത, ഉൾക്കൊള്ളൽ എന്നിവയുടെ ചട്ടക്കൂടിൽ പുനർവായിക്കേണ്ടതുണ്ട്.'നാനാത്വത്തിൽ ഏകത്വം' എന്ന ഭാരതീയ സാംസ്കാരിക ദർശനം യാഥാർത്ഥ്യമാകണമെങ്കിൽ, മതബോധങ്ങളിലുള്ള ഭിന്നശേഷി ധാരണകൾ വിമർശനാത്മകമായി പുനർനിർമ്മിക്കപ്പെടുകയും, ഭിന്നശേഷിക്കാർ സമ്പൂർണ്ണ മനുഷ്യാവകാശങ്ങളുള്ള സാമൂഹിക വിഷയങ്ങളായി അംഗീകരിക്കപ്പെടുകയും വേണം.സാമൂഹ്യനിർമ്മിതി എന്ന നിലയിൽ ഭിന്നശേഷിപഠനം എന്ന വൈജ്ഞാനിക മേഖല വളർന്നുകൊണ്ടിരിക്കുന്നു. സമൂഹം ഭിന്നശേഷിയെ മനസ്സിലാക്കിയും ഭിന്നശേഷിയോടുള്ള സമീപനങ്ങളിൽ ഗണ്യമായി മാറ്റങ്ങൾ രൂപപ്പെടുകയും ചെയ്യുന്ന സമകാലത്തു ഈ വിഷയം ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട്. ഭിന്നശേഷി ഒരു വ്യക്തിഗത പരിമിതിയായി മാത്രമല്ല, സാംസ്കാരികവും രാഷ്ട്രീയവും ചരിത്രപരവുമായ പശ്ചാത്തലത്തിൽ ഉൾച്ചേർന്ന ഒരു സാമൂഹ്യവിഷയമായി തന്നെ രൂപപ്പെട്ടിട്ടുണ്ട്. നവകാലത്തെ ഭിന്നശേഷിപഠനങ്ങൾ മാറ്റങ്ങളെ വിമർശനാത്മകമായി പരിശോധിക്കുന്ന ഒരു അന്തർവൈജ്ഞാനിക പഠന മേഖലയായി വളർന്നിട്ടുണ്ട്. 'ഭിന്നശേഷി ജീവിതാവസ്ഥയുടെ ഒരു തലം' എന്ന നവദർശനരൂപീകരണം സമകാലത്തിൽ വിനിമയം ചെയ്യപ്പെടുന്നു. അധിശ മതാവബോധം ഉയർത്തിയ സങ്കീർണതകളും അവഭിന്നശേഷി സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങളും ഇനിയും പഠനവിധേയമാക്കേണ്ടതുണ്ട്. മതകാഴ്ചപ്പാടുകളിൽ ഇനിയും തിരുത്തേണ്ടവ തിരുത്തി ഭിന്നശേഷി സ്വത്വ പ്രതിനിധാനങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന മഹത്തായ കർമ്മപദ്ധതിയുടെ ഭാഗമാകാം. മനുഷ്യജീവിതാവസ്ഥകളെയും വ്യത്യസ്തതകളെയും അംഗീകരിക്കാം.

## ഗ്രന്ഥസൂചി

Ali, A. Y. (1992). The meaning of the Holy Qur'an. Amana Publications.
Avalos, H. (1995). Illness and health care in the ancient Near East: The role of the temple in Greece, Mesopotamia, and Israel. Harvard Theological Review, 88(2), 301-322.
Bible. (2011). New International Version. Biblica, Inc.
Bruckner, J. K. (2003). Implied law in the Abraham narrative: A literary and theological analysis. Sheffield Academic Press.
Charlton, J. I. (1998). Nothing about us without us: Disability oppression and empowerment. University of California Press.
Chok, Rinpoche. (2005, September 26). Lam Rim teaching series [Oral teaching]. All Souls Church, New York. Disability Studies Quarterly. https://dsq-sds.org/index.php/dsq/article/view/723/900
Covey, H. C. (1998). Social perceptions of people with disabilities in history. Charles C Thomas.
Davis, L. J. (2017). Constructing normalcy: The Bell Curve, the novel, and the invention of the disabled body in the nineteenth century. In L. J. Davis (Ed.), The disability studies reader (5th ed., pp. 3-16). Routledge.
Durkheim, É. (1964). The rules of sociological method (S. A. Solovay & J. H. Mueller, Trans.). Free Press. (Original work published 1895)
Durkheim, É. (1995). The elementary forms of religious life (K. E. Fields, Trans.). Free Press. (Original work published 1912)
Eiesland, N. L. (1994). The disabled God: Toward a liberatory theology of disability. Abingdon Press.
Erikson, E. H. (1968). Identity: Youth and crisis. W. W. Norton & Company.
Foucault, M. (1995). Discipline and punish: The birth of the prison (A. Sheridan, Trans.). Vintage Books. (Original work published 1975)
Guru Granth Sahib Ji. (1997). Sri Guru Granth Sahib Ji (G. Singh, Trans.). World Sikh Center Inc.
Marx, K. (1970). Contribution to the critique of Hegel's philosophy of right: Introduction (J. O'Malley, Trans.). Cambridge University Press.
Miles, M. (2008). Disability in an Islamic context: Theology, law, and history. Disability Studies Quarterly, 28(4).
Neusner, J. (2006). The Talmud: What it is and what it says. Rowman & Littlefield.
Oxford English Dictionary. (1989). Identity (2nd ed.). Oxford University Press. https://www.oed.com/view/Entry/91011
Pandey, R. S., & Advani, L. (1995). Perspective in disability and rehabilitation. Vikas Publishing House.
Pabongka Rinpoche. (1990). Liberation in our hands (M. Richards, Trans.). Mahayana Sutra and Tantra Press.
Richards, I. A. (1989). Principles of literary criticism. Routledge.
Rispler-Chaim, V. (2007). Disability in Islamic law. Springer.
Shabdatharavali. (n.d.). In Wikipedia. Wikimedia Foundation.
Tanveer, A. (2014). Disability in Islam: Insights into theology, law, history and practice. ResearchGate.
Um?sv?ti. (1994). Tattv?rtha s?tra: That which is (N. Tatia, Trans.). Jain Publishing Company.
Yong, A. (2007). Theology and Down syndrome: Reimagining disability in late modernity. Baylor University Press.

അച്യുതൻ, മാവേലിക്കര. (2024). സംസ്കൃതമലയാള നിഘണ്ടു [Sanskrit–Malayalam dictionary]. പ്രശാന്തി പബ്ലിക്കേഷൻസ്.

നദീർ പയ്യോളി. (2024). ഡിസബിലിറ്റി. കേരള യൂണിവേഴ്സിറ്റി പബ്ലിക്കേഷൻസ്.

പത്മനാ'പിള്ള, ശ്രീകണ്ഠേശ്വരം.ജി (2013), ശബ്ദതാരാവലി, സാഹിത്യ പ്രവർത്തക സഹകരണ സംഘം നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം

മുരളീധരൻ, നെല്ലിക്കൽ, (2011). *വിശ്വ സാഹിത്യ ദർശനങ്ങൾ,* ഡി സി ബുക്സ്, കോട്ടയം

രഞ്ജിത്ത്, വി, (2024) ഭിന്നശേഷി ശേഷിവാദ കാഴ്ചപ്പാടും പൊതുബോധ നിർമ്മിതിയും, മലയാളപച്ച

**Liju T Varghese**
Assistant Professor
Department of Oriental Languages (Malayalam)
St.Stephen's College
Pathanapuram ,Kollam, Kerala
India-689695
Email: lijumallassery@gmail.com
Ph: +91 9400835680
ORCiD :0009-0001-7173-6168